ദി ഡിഫെൻഡർ

Vol. No. 8 Issue No. 20 RNI Reg. No. 68089 / 97 Published From Perumbavoor 2005 OCTOBER 16

# കെ.പി. കുര്യനെ പുറത്താക്കി

ഐ.പി.സിയുടെ തിരുവല്ല ആമല്ലൂർ സഭയുടെ പാസ്റ്ററും കേരള സ്റ്റേറ്റ് കൗൺസിൽ/പ്രസ്ബിറ്ററി അംഗവുമായ കെ.പി.കുര്യനെ ഇനി ഒരു അറിയിപ്പ് ഉണ്ടാകുന്നതുവരെ ഐ.പി.സി. ജനറൽ പ്രസിഡന്റായ ടി.എസ്.ഏബ്രഹാം ഐ.പി.സിയിൽ നിന്ന് പുറത്താക്കി. ഒക്ടോബർ 7ന് രാവിലെ ആമല്ലൂർ സഭാ പാഴ്സനേജിൽ പ്രത്യേക ദൂതൻ വഴി മുടക്കുകത്ത് എത്തിക്കയായിരുന്നു. (ഈ കത്തിന്റെ പ്രസക്ത ഭാഗങ്ങൾ മൂന്നാം പേജിൽ).

കഴിഞ്ഞ അഞ്ചു വർഷക്കാലം ടി.എസ്. ഏബ്രഹാമും കെ.പി.കുര്യനും ചക്കരയും ഈച്ചയും പോലെയായിരുന്നു. ടി.എസ്. ഏബ്രഹാമിന്റെ സെക്രട്ടറിയാണ് താൻ എന്നും കെ.പി. കുര്യൻ അവകാശപ്പെട്ടിരുന്നു. എന്നാൽ ഏതാനും മാസം മുൻപ് ടി.എസ്. ഏബ്രഹാം കെ.പി.കുര്യനുമായി തെറ്റാൻ ഇടയായി. ആ പ്രശ്നം ഇപ്പോൾ പുറത്താക്കലിൽ എത്തി നിൽക്കുന്നു.

കുമ്പനാട് കൺവെൻഷന് ഭക്ഷണം കൊടുത്ത വകയിൽ തനിക്ക് രണ്ടു ലക്ഷത്തിൽ അധികം രൂപ കിട്ടാനുണ്ടെന്ന് കെ.പി.കുര്യൻ അവകാശപ്പെട്ടതോടെയാണ് പ്രശ്നം ആരംഭിച്ചത്. ആവശ്യമായ രേഖകൾ ഇല്ലാത്തതിനാൽ പണം കൊടുക്കാനാവില്ലെന്ന് ഐ.പി.സി. ജനറൽ ട്രഷറാർ ആയ ജോസഫ് താന്നിക്കൽ ശഠിച്ചു. ഇത് കുര്യനും താന്നിക്കലും തമ്മിൽ വഴക്കിന് കാരണമായി.

ഇത്തരം പ്രശ്നങ്ങൾ ഉണ്ടാകുമ്പോൾ ടി.എസ്.ഏബ്രഹാം കുര്യനേപ്പോലുള്ളവർക്ക് അനുകൂലമായി തീരുമാനമെടുക്കുകയാണ് പതിവ്. അന്നദാനത്തിന്റെ ചുമതല ഡോ.ജോർജ് തോമസിനാകയാൽ മറിച്ചൊരു തീരുമാനം ഉണ്ടാകാൻ സാദ്ധ്യത ഒട്ടുമില്ലായിരുന്നു. പക്ഷേ, ഇത്തവണ ടി.എസ്.ഏബ്രഹാം പതിവ് തെറ്റിച്ചു. ആവശ്യമായ വൗച്ചറും മറ്റും ഇല്ലാതെ പണം കൊടുക്കേണ്ടതില്ല എന്ന് തീരുമാനിച്ചു.

ജൂൺ 6ന് ഐ.പി.സിയുടെ ജനറൽ കൗൺസിൽ നടക്കുന്നതിനിടയിൽ കുര്യൻ കടന്നു കയറുകയും ടി.എസ്.ഏബ്രഹാമിനെതിരെ പരസ്യമായി സംസാരിക്കുകയും ചെയ്തു. ഇനി കുര്യനെ സഭയിൽ വെച്ചുകൊണ്ടിരിക്കുന്നത് ഉചിതമല്ല എന്ന് ടി.എസ്.ഏബ്രഹാം തീരുമാനിച്ചത് അങ്ങനെയാണ്.

കുര്യനെതിരെ നടപടി ആവശ്യപ്പെട്ട് ടി.എസ്.ഏബ്രഹാം കഴിഞ്ഞമാസം കേരള സ്റ്റേറ്റ് കൗൺസിലിന് കത്ത് നൽകിയെങ്കിലും സ്റ്റേറ്റ് കൗൺസിൽ ഒരു നടപടിയും എടുക്കാതെ കത്ത് ഒക്ടോബർ 4ന് ജനറൽ കൗൺസിലിന് മടക്കി അയച്ചു.

പന്ത് ജനറൽ കൗൺസിലിന്റെ കോർട്ടിൽ എത്തിയ ഉടൻ ടി.എസ്.ഏബ്രഹാം ഉണർന്ന് പ്രവർത്തിച്ചു. നിയമ വിദഗ്ദ്ധരുമായി ബന്ധപ്പെട്ടശേഷം കെ.പി.കുര്യനെ പുറത്താക്കാനുള്ള നടപടി സ്വീകരിച്ചു. ജനറൽ കൗൺസിൽ കൂടി തീരുമാനം എടുക്കാൻ കാത്തുനിന്നാൽ കുര്യൻ അത് അട്ടിമറിക്കുമെന്ന് ടി.എസ്.ഏബ്രഹാമിന് അറിയാം. അതുകൊണ്ട് ജനറൽ പ്രസിഡന്റിന് ഐ.പി.സി. ബൈലോ നൽകുന്ന അധികാരം ഉപയോഗിച്ച് കുര്യനെ പുറത്താക്കുകയായിരുന്നു. ഈ മാസം 19ന് ചേരുന്ന ജനറൽ കൗൺസിൽ ഈ തീരുമാനം അംഗീകരിക്കും.

പക്ഷേ, കെ.പി.കുര്യൻ അടങ്ങിയിരിക്കുമെന്ന് തോന്നുന്നില്ല. സർവ്വ ശക്തിയും എടുത്ത് കുര്യൻ തിരിച്ചടിക്കും എന്നു തീർച്ച. ഏതായാലും അടുത്ത ചില മാസങ്ങളിൽ ഐ.പി.സിയിൽ പലതും നടക്കും. ദൈവനാമം ശരിക്കും ദുഷിക്കും.



# കുര്യൻ അകത്തുതന്നെ

ടി.എസ്.ഏബ്രഹാം സർവ്വ ശക്തിയും സമാഹരിച്ച് കെ.പി. കുര്യനെ ഐ.പി.സിയിൽ നിന്നും പുറത്താക്കിയെങ്കിലും (വിട്ടാലും വിടാത്ത കമ്പിളിക്കെട്ടുപോലെ) കുര്യൻ ഇപ്പോഴും ഐ.പി.സിയിൽ തന്നെയുണ്ട്. ഈ ലക്കം ഡിഫെൻഡർ അച്ചടിക്കുന്നതുവരെ കുര്യന് വിശേഷിച്ച് ഒന്നും സംഭവിച്ചിട്ടില്ല.

ഒക്ടോബർ 7ന് കുര്യനെ പുറത്താക്കിക്കൊണ്ടുള്ള കത്ത് ടി.എസ്.ഏബ്രഹാം കൊടുത്തു. പക്ഷേ, ഒക്ടോബർ 9ന് കുര്യൻ പതിവുപോലെ ആമല്ലൂർ ഐ.പി.സി. സഭയിൽ യോഗം നടത്തി. ആരും എതിർത്ത് ഒരു വാക്കുപോലും പറഞ്ഞില്ല.

കുര്യൻ സ്റ്റേറ്റ് കൊൺസിൽ അംഗവും സ്റ്റേറ്റ് പ്രസ്ബിറ്ററി അംഗവും മറ്റുമാണ്. ഇത്തരം കൗൺസിലുകളിലൊന്നിലും കുര്യൻ പങ്കെടുക്കരുതെന്നാണ് ടി.എസ്.ഏബ്രഹാമിന്റെ കല്പന. പക്ഷേ, ഈ ഉത്തരവിന് പുല്ലുവില കല്പിച്ചുകൊണ്ട് കുര്യൻ 11ന് നടന്ന പ്രസ്ബിറ്ററിയിൽ പങ്കെടുത്തു. ടി.എസ്.ഏബ്രഹാമിന്റെ മൂക്കിന് താഴെയാണ് പ്രസ്ബിറ്ററിയുടെ മീറ്റിംഗ് നടന്നത്. പക്ഷേ, കുര്യനെതിരെ ഒരു ചെറുവിരലെങ്കിലും അനക്കാൻ ടി.എസ്.ഏബ്രഹാമിന് കഴിഞ്ഞില്ല.

പ്രസ്ബിറ്ററി മീറ്റിംഗ് ആരംഭിച്ചപ്പോൾ കുര്യന്റെ മുടക്കുകല്പന വായിക്കാൻ ശ്രമമുണ്ടായി. പക്ഷേ, ടി.എസ്.ഏബ്രഹാമിന്റെ വ്യഭിചാരവും സാമ്പത്തിക വെട്ടിപ്പും ചൂണ്ടിക്കാട്ടി താൻ കൊടുത്ത പരാതി ചർച്ചയ്ക്കെടുക്കുകയാണ് ആദ്യം ചെയ്യേണ്ടത് എന്ന് കുര്യൻ വാദിച്ചു. താൻ കത്തു കൊടുത്തിട്ട് ആഴ്ചകളായി. അത് വായിച്ച് നടപടി എടുത്തിട്ടാകാം കഴിഞ്ഞ ദിവസം കിട്ടിയ കത്തു വായിക്കുന്നത് എന്ന് കുര്യൻ ശഠിച്ചു. മറുത്തൊരക്ഷരം പറയാൻ പ്രസ്ബിറ്ററിയിൽ ആർക്കും ധൈര്യമുണ്ടായില്ല. അതോടെ പ്രസ്ബിറ്ററി യോഗം സ്തംഭിച്ചു. അല്പ സമയം കഴിഞ്ഞ് എല്ലാവരും പിരിഞ്ഞു.

ടി.എസ്.ബാലനെ ഒതുക്കാൻ ടി.എസ്.ഏബ്രഹാമും കൂട്ടരും ചേർന്ന് വളർത്തിക്കൊണ്ടുവന്ന കുര്യൻ ഇപ്പോൾ ആർക്കും ഒതുക്കാനാവാത്ത ശക്തിയായി വളർന്നിരിക്കയാണ്. ഈ പാമ്പ് വേലിയിൽ തന്നെ കിടക്കുകയായിരുന്നു നല്ലതെന്ന് ടി.എസ്.ഏബ്രഹാമിനും സംഘത്തിനും ഇപ്പോൾ തോന്നുന്നുണ്ട്. പക്ഷേ, പറഞ്ഞിട്ട് ഇനി ഫലമില്ലല്ലോ. പറിച്ചെറിഞ്ഞാലും പോകാത്തത്ര ആഴത്തിൽ കുര്യൻ വേരോടിച്ചു കഴിഞ്ഞു. ഐ.പി.സി.യെ മുടിച്ചിട്ടേ ഈ ബാധ വിട്ടൊഴിയുകയുള്ളൂ എന്നതാണ് വസ്തുത.

## വീട്ടിലൊരു ബൈബിൾ സ്ക്കൂൾ: നാലാം സി.ഡി. തയ്യാറാകുന്നു

വീട്ടിൽ ഒരു ബൈബിൾ സ്ക്കൂൾ എന്ന പേരിൽ റ്റി.എസ്. ബാലൻ തയ്യാറാക്കിവരുന്ന 10 സി.ഡി.കളിൽ നാലാമത്തേത് തയ്യാറായി വരുന്നു. ക്രൈസ്തവ സഭകളിൽ നിലനിൽക്കുന്ന പ്രധാന ദുരുപദേശങ്ങളേക്കുറിച്ചാണ് ഈ സി.ഡിയിൽ വിശദീകരിക്കുന്നത്.

മൂന്നാമത്തെ സി.ഡി. പുറത്തിറങ്ങി. പണം അടച്ചവർക്ക് ഒരാഴ്ചയ്ക്കകം സി.ഡി. ലഭിക്കും. ആത്മലോകവുമായി ബന്ധപ്പെട്ട വിഷയങ്ങളാണ് ഈ സി.ഡിൽ ഉള്ളത്. പരിശുദ്ധാത്മശാസ്ത്രം, ദുരാത്മശാസ്ത്രം തുടങ്ങിയവയുമായി ബന്ധപ്പെട്ട പ്രധാന വിഷയങ്ങളെല്ലാം ഈ സി. ഡിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അടിസ്ഥാന വേദോപദേശങ്ങളാണ് ആദ്യ സി.ഡിയിൽ ഉള്ളത്. കൾട്ടുകളേക്കുറിച്ചുള്ള പഠനങ്ങളാണ് രണ്ടാമത്തെ സി.ഡിയുടെ ഉള്ളടക്കം.

ഏതെങ്കിലും ഒരു സി.ഡി. ആവശ്യമുള്ളവർ 100 രൂപ മണിയോഡർ അയച്ചാൽ മതിയാകും. ആദ്യത്തെ മൂന്നു സി.ഡികൾക്ക് 300 രൂപ അയയ്ക്കുക. പത്തു സി.ഡികൾ അടങ്ങിയ ഒരു സെറ്റിന് 1000 രൂപയാണ് വില. ഇപ്പോൾ പണം അടയ്ക്കുന്നവർ 750 രൂപ നൽകിയാൽ മതിയാകും. (വിശദ വിവരങ്ങൾ 8-ാം പേജിൽ). വിദേശത്തുള്ളവർ ദയവായി ഇന്ത്യയിലുള്ള ഒരു വിലാസവും ഫോൺ നമ്പറും അറിയിക്കുക. (വിദേശത്തേക്ക് സി.ഡി. അയയ്ക്കുന്നത് വലിയ പണച്ചെലവുള്ള കാര്യമാണ്).

മണിയോഡർ കൂപ്പണിൽ പൂർണ്ണമായ വിലാസവും ഫോൺ നമ്പറും ഉണ്ടായിരിക്കണം. സി.ഡി. കുരിയർ സർവ്വീസ് വഴിയാണ് അയയ്ക്കുന്നത്. അതുകൊണ്ട് ഏറ്റവും അടുത്തുള്ള കുരിയർ സർവ്വീസിന്റെ പേരും അറിയിക്കുക.

കൂടുതൽ വിവരങ്ങൾക്ക്: ഫോൺ - 94474 14608

വിലാസം:

**റ്റി.എസ്.ബാലൻ,**
**ആനന്ദ് ഭവൻ, കെ.എസ്.ആർ.റ്റി.സിക്ക് സമീപം,**
**പെരുമ്പാവൂർ പി.ഒ., എറണാകുളം. പിൻ. 683 542**

ദി ഡിഫെൻഡർ

**Vol. No.8 Issue No. 20 2005 October 16**

# ലോക്കപ്പ് മരണങ്ങൾ തുടർക്കഥയാകുമ്പോൾ

ലോക്കപ്പ് മരണങ്ങൾ കേരളത്തിൽ പുത്തരിയല്ല. ഭരിക്കുന്നത് ഏതു പക്ഷമായാലും പോലീസ് എന്നും പോലീസ് തന്നെ. യു.ഡി.എഫ്. സർക്കാർ ഭരണത്തിൽ ഏറിയശേഷം പത്തു ദിവസത്തിൽ ഒന്ന് എന്ന ക്രമത്തിനാണ് കസ്റ്റഡി മരണങ്ങൾ നടക്കുന്നത്. അവയിൽ മിക്കതും വാർത്ത പോലും ആകാറില്ല.

മൂന്നാം മുറ പ്രയോഗിച്ച് കുറ്റം തെളിയിക്കാൻ പോലീസിന് അധികാരമുണ്ടെന്ന് പോലീസും ജനങ്ങളും ധരിക്കുന്നു. പക്ഷേ കസ്റ്റഡിയിലിരിക്കുന്ന പ്രതികളെ പീഡിപ്പിക്കാൻ പോലീസിന് നിയമം അനുവാദം നൽകുന്നില്ല. കുറ്റം നിഷേധിക്കാനുള്ള അവകാശം ഏതു പ്രതിക്കുമുണ്ട്. പ്രതിയാണ് കുറ്റം ചെയ്തത് എന്ന് തെളിയിക്കേണ്ടത് പോലീസാണ്. കുറ്റം ഏറ്റുപറയിക്കാനായി പ്രതിയെ പീഡിപ്പിക്കുന്നത് നിയമലംഘനമാകുന്നത് ഈ കാരണത്താലത്രേ. പോലീസിൽ നടത്തിയ കുറ്റസമ്മതം കോടതി തെളിവായി പരിഗണിക്കുന്നില്ല എന്നതും ശ്രദ്ധേയമാണ്.

പരിഷ്കൃത രാജ്യങ്ങളിൽ പോലീസ് പീഡനവും കസ്റ്റഡി മരണവും വളരെ അപൂർവ്വമായേ നടക്കാറുള്ളൂ. പ്രതിയെ തല്ലി സത്യം പറയിക്കുന്ന രീതി അവിടെയില്ല എന്നതുതന്നെ കാരണം. തല്ലു കൊള്ളുമ്പോൾ ഏതു കുറ്റവും പ്രതി ഏറ്റുപോകും. അത് പോലീസിന്റെ കഴിവായി വ്യാഖ്യാനിക്കാനാവില്ല. പ്രതിയെ ചോദ്യം ചെയ്യുന്നത് അനുവദനീയമാണ്. മൂന്നാംമുറ കൂടാതെതന്നെ കുറ്റം തെളിയിക്കാനുമാവും. അതിനുള്ള കഴിവ് പോലീസ് ഉദ്യോഗസ്ഥർക്ക് ഉണ്ടായാൽ മതി. പക്ഷേ, നമ്മുടെ പോലീസ് അതിനു തയ്യാറാകുന്നില്ല. വാദിക്കും പ്രതിക്കും തല്ലുകൊടുക്കുക. രണ്ടു കൂട്ടരോടും പണം വാങ്ങുക. കൂടുതൽ പണം കൊടുക്കുന്നവർക്ക് അനുകൂലമായി തീർപ്പുകല്പിക്കുക. ഇതാണ് സാധാരണയായി നടക്കുന്നത്.

ലോക്കപ്പ് മരണം ഉണ്ടാകുമ്പോൾ അല്പം ഒച്ചപ്പാടൊക്കെ ഉണ്ടാകും. ഏതാനും ദിവസം കഴിയുമ്പോൾ ജനം അതു മറക്കും. കുറ്റവാളികൾ അപൂർവ്വമായേ ശിക്ഷിക്കപ്പെടാറുള്ളൂ. കേസ്സ് അന്വേഷിക്കുന്നതും കുറ്റപത്രം തയ്യാറാക്കുന്നതും പോലീസ് തന്നെയാണല്ലോ. സഹപ്രവർത്തകരെ രക്ഷിക്കാൻ ആവശ്യമായ പഴുതുകളൊക്കെ കുറ്റപത്രത്തിൽ ഉണ്ടാകും. പ്രതിഭാഗം വക്കീലിന് കോടതിയിൽ ഈ പഴുതുകൾ ഉപയോഗിച്ച് പ്രതികളെ രക്ഷിക്കാനാകും. അങ്ങനെ കുറ്റവാളി രക്ഷപ്പെടും. നിരപരാധിയെന്ന ലേബലിൽ ഈ കൊലപാതകികൾ നിയമപാലകരായി തിരിച്ചെത്തും. കേരളം ആരു ഭരിച്ചാലും ഇതൊക്കെത്തന്നെ നടക്കും. രാഷ്ട്രീയ ലാഭത്തിനായി പ്രതിപക്ഷം ബഹളം കൂട്ടും. അവർ ഭരണത്തിലേറുമ്പോൾ ശങ്കരൻ തെങ്ങിൽത്തന്നെ ഉണ്ടാകും.

## ഡിഫെൻഡർ നഷ്ടപ്പെടുന്നു?

ഡിഫെൻഡർ എല്ലാ മാസവും ഒന്നാം തീയതിയും പതിനാറാം തീയതിയും ആലുവ ആർ.എം.എസ്സിൽ ജില്ല തിരിച്ച് കെട്ടുകളാക്കി കൊടുക്കയാണ് ചെയ്യുന്നത്. കെട്ടുപോലും അഴിക്കാതെ അവർ അത് അയക്കയും ചെയ്യുന്നു. പത്രം നഷ്ടപ്പെടുന്നത് മറ്റെവിടെയോ ആണ്. നിങ്ങളുടെ പോസ്റ്റ് ഓഫീസിൽ അന്വേഷിച്ച് പരാതി നൽകിയാൽ പത്രം നഷ്ടപ്പെടുന്നത് ഒഴിവാക്കാം.

## വാർഷിക വരിസംഖ്യ

ഇന്ത്യയിൽ: 100 രൂപ

ഗൾഫ് രാജ്യങ്ങൾ: 800 രൂപ

അമേരിക്ക: 30 ഡോളർ

വിലാസം:

 റ്റി.എസ്.ബാലൻ, ദി ഡിഫെൻഡർ,
കെ.എസ്.ആർ.റ്റി.സിക്ക് സമീപം,
പെരുമ്പാവൂർ പി.ഒ., പിൻ - 683542.

# സത്യം സത്യമായി

ഒന്നോർത്താൽ ഈ രാഷ്ട്രീയക്കാരുടെ കാര്യം മഹാകഷ്ടമാണ്. പരോപകാരമേ പുണ്യം എന്ന മുദ്രാവാക്യവുമായി അവർ ഓടി നടക്കുകയാണ്. മന: സമാധാനമായിട്ട് ഒന്ന് ഉറങ്ങാൻ പോലും സമയം കിട്ടാറില്ല.

അവർ എത്ര ബുദ്ധിമുട്ടിയാണ് പഞ്ചായത്ത് തെരഞ്ഞെടുപ്പ് നടത്തിയെടുത്തതെന്ന് ഏവർക്കും അറിയാം. തെരഞ്ഞെടുപ്പു കഴിഞ്ഞ് കിട്ടിയ കസേരയിൽ അല്പസമയം ഒന്ന് ഇരിക്കുന്നതിനു മുമ്പ് തിരുവനന്തപുരത്ത് പാർലമെന്റ് തെരഞ്ഞെടുപ്പ് എത്തി. അതു കഴിഞ്ഞ് ഏറെ കഴിയുംമുൻപ് സാക്ഷാൽ അസംബ്ലി തെരഞ്ഞെടുപ്പ് എത്തും. കുടുംബകാര്യങ്ങൾ നോക്കാൻ പോലും സമയമില്ല.

ജനസേവനം എന്ന ഒറ്റ ലക്ഷ്യത്തോടെ അധികാരമേക്കുന്നവരാണ് സകലമാന രാഷ്ട്രീയക്കാരും. തൊഴിലില്ലായ്മ പരിഹരിക്കുക, ദാരിദ്ര്യരേഖക്കു താഴെയുള്ളവരുടെ ഉന്നമനത്തിനായി പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുക, റോഡുകൾ സഞ്ചാരയോഗ്യമാക്കുക, കുടിവെള്ളപ്രശ്നം പരിഹരിക്കുക തുടങ്ങി എണ്ണിയാലൊടുങ്ങാത്ത പ്രശ്നങ്ങളുണ്ട്. ഇതിനെല്ലാം പരിഹാരം കാണണം. ചുരുക്കത്തിൽ സമൂഹത്തിന്റെ ഉന്നമനം: അതൊന്നു മാത്രമാണ് രാഷ്ട്രീയക്കാരുടെ ലക്ഷ്യം.

ബി.ജെ.പിയുടെ സഹായത്തോടെ ഭരണത്തിലേറില്ലെന്നും എവിടെയെങ്കിലും അങ്ങനെ ഭരണം കിട്ടിയാൽ സ്ഥാനം രാജി വെയ്ക്കുമെന്നും യു.ഡി.എഫ്. പ്രഖ്യാപിച്ചിട്ടുള്ളതാണ്. പക്ഷേ പല സ്ഥലത്തും ബി.ജെ.പിയുടെ പ്രത്യക്ഷമോ പരോക്ഷമോ ആയ സഹായത്തോടെ ഭരണം ലഭിച്ചിട്ടുണ്ട്. അവയിൽ ഒന്നുപോലും രാജി വെച്ചിട്ടില്ലെന്നു മാത്രമല്ല, രാജി വെയ്ക്കുന്നതിനെ സംബന്ധിച്ച് ആലോചിച്ചിട്ടുപോലുമില്ല. ബി.ജെ.പി. വിട്ടുനിന്നതുകൊണ്ട് അധികാരം ലഭിച്ചാൽ അത് ബി.ജെ.പി. പിൻതുണയായി കണക്കാക്കുമോ എന്ന് വ്യക്തമാക്കിയിട്ടുമില്ല. മാത്രമല്ല ബി.ജെ.പി. പിൻതുണയുള്ള സ്വതന്ത്രൻമാരെ ബി.ജെ.പിക്കാരായി കണക്കാക്കുമോ എന്നും വ്യക്തമല്ല. ഈ അവ്യക്തതയാണ് നിലനിൽപ്പിനാധാരം.

സി.പി.ഐയുടെ കാര്യം കഷ്ടമാണ്. വല്യേട്ടന്റെ ഉപദ്രവം സഹിച്ചു മടുത്തു. സി.പി.ഐ. സ്ഥാനാർത്ഥികളെ തോല്പിക്കാൻ രഹസ്യ സർക്കുലർ ഇറക്കുന്നിടം വരെ വന്നു നിൽക്കുകയാണ് കാര്യങ്ങൾ. പോനാൽ പോകട്ടും പോടാ എന്ന മട്ടിൽ എല്ലാം വിട്ട് പോകാമെന്നു വെച്ചാൽ അതിനും വഴിയില്ല. എങ്ങോട്ട് പോകും എന്നതാണ് പ്രശ്നം. ലീഡർജിയുമായി ചേർന്ന് പുതിയ മുന്നണി ഉണ്ടാക്കാമെന്നു വെച്ചാൽ അത് അത്ര എളുപ്പമല്ല. അസംബ്ലി തെരഞ്ഞെടുപ്പ് പടിവാതിൽക്കൽ എത്തിയിരിക്കുന്നു. ഉടൻ നടക്കുന്ന പാർലമെന്റ് ഉപതെരഞ്ഞെടുപ്പും പ്രശ്നമാണ്. ഏട്ടന്റെ സഹായമില്ലാതെ കരപറ്റാനാവില്ല. കൈയ്ച്ചിട്ട് ഇറക്കാനും വയ്യ, മധുരിച്ചിട്ട് തുപ്പാനും വയ്യ എന്നതാണ് സ്ഥിതി.

തറവാട്ടിലെ കാരണവർക്ക് ചിലപ്പോൾ അല്പം ഒളിസേവകളൊക്കെ ഉണ്ടായെന്നു വരാം. സംഗതി രഹസ്യമാണെന്നാണ് വെയ്പ്പ്. പക്ഷേ, ഈ രഹസ്യം അറിയാത്തവരായി നാട്ടിൽ ആരും ഉണ്ടാകില്ല എന്നു മാത്രം. സേവക്കാരിയെ ഭാര്യയായി കണക്കാക്കുകയില്ല. ആ വകയിലുണ്ടാകുന്ന മക്കളെ സന്താനങ്ങളായി അംഗീകരിക്കുകയുമില്ല. പക്ഷേ തറവാട്ടിലെ സ്വത്തിന്റെ നല്ലൊരു ഭാഗം ഒളിസേവക്കാരിയുടെ വീട്ടിലെത്തുമെന്നു മാത്രം. തറവാട്ടിലുള്ളവർ ഭുജിക്കേണ്ടത് ജാരൻമാർ ഭുജിക്കും.

ഡി.ഐ.സിയുമായി ഇടതുപക്ഷത്തിന് ബന്ധമൊന്നുമില്ല. പക്ഷേ, ചില നീക്കുപോക്കുകൾ ഉണ്ടുതാനും. പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ നീക്കും പോക്കും നടത്തി. അധികാരം വീതം വെച്ചപ്പോഴും നീക്കുപോക്ക് തുടർന്നു. അങ്ങനെ വയനാടുൾപ്പെടെ പലതും തീറെഴുതി. അസംബ്ലി തെരഞ്ഞെടുപ്പിലും നീക്കുപോക്ക് തുടരും. ഫലമോ? സി.പി.ഐ. ഉൾപ്പെടെയുള്ള കക്ഷികൾ കണ്ണുനീരും കൈയ്യുമായി നടക്കുന്നു. കാരണവർ മൈന്റ് ചെയ്യുന്നില്ല. അധികാരം കാരണവരുടെ കൈയ്യിലായതുകൊണ്ട് മറുത്തൊരക്ഷരം പറയാൻ കഴിയുന്നുമില്ല.

മുരളീധരൻ പദയാത്ര നടത്താൻ പോകുന്നു. കേരളത്തിന്റെ ഒരറ്റത്തുനിന്നും ആരംഭിച്ച് മറ്റേ അറ്റത്ത് എത്തും. സംഗതി മോശമല്ല. വരുന്ന അസംബ്ലി തെരഞ്ഞെടുപ്പിൽ ഷൈൻ ചെയ്തില്ലെങ്കിൽ ഡി.ഐ.സി. സ്വാഹായാകും. ഇടതുപക്ഷം കനിഞ്ഞാൽ നക്കാപ്പിച്ചയെങ്കിലും കിട്ടും. (ഇല്ലെങ്കിൽ വട്ടപ്പൂജ്യം). പാർട്ടിയുടെ ശക്തി തെളിയിക്കാതെ നിവൃത്തിയില്ല എന്നു ചുരുക്കം. അതിനുള്ള ശ്രമമാണ് ഇപ്പോൾ നടക്കുന്നത്. പദയാത്ര മുതൽ വിമാന യാത്ര വരെ നടത്താൻ തയ്യാർ.

പിള്ളയുടെ കാര്യം ഒരു തീരുമാനവുമാകാതെ തുടരുന്നു. യു.ഡി.എഫിൽ ഉണ്ടെന്നും ഇല്ലെന്നും മാറിമാറി പറയുന്നു. മന്ത്രിസ്ഥാനം തിരിച്ചുകിട്ടും എന്ന പ്രതീക്ഷയോടെയാണ് വന്നത്. പക്ഷേ ആ കാര്യം ആരും മിണ്ടുന്നില്ല. അതാണ് ശരിയായ പ്രശ്നം. തിരിച്ചു ചെന്നാൽ ഇടതുപക്ഷം എങ്ങനെയാകും സ്വീകരിക്കുക എന്ന് പറയാനും പറ്റില്ല. എന്തെങ്കിലും ഒരു തീരുമാനം ഉടനെ എടുത്തില്ലെങ്കിൽ സംഗതി കുഴയും. അസംബ്ലി തെരഞ്ഞെടുപ്പ് കൈയ്യെത്തും ദൂരത്തെത്തിക്കഴിഞ്ഞു. ഏതെങ്കിലും ഒരു മുന്നണി കനിഞ്ഞില്ലെങ്കിൽ കെട്ടിവെച്ച കാശുപോലും കിട്ടില്ല.

പിള്ളയ്ക്ക് കോൺഗ്രസ്സിനോട് എന്തോ കടുത്ത വിരോധമുണ്ടെന്നു തീർച്ച. അല്ലെങ്കിൽ കരുണാകരനെ കോൺഗ്രസ്സിൽ തിരിച്ചു കൊണ്ടുവരണമെന്ന് പറയുമോ? കരുണാകരൻ പോയതോടെ കോൺഗ്രസ്സ് പച്ച പിടിക്കാൻ തുടങ്ങി. പാർലമെന്റ് തെരഞ്ഞെടുപ്പിനെ അപേക്ഷിച്ച് ഇത്തവണ രണ്ടു ശതമാനത്തോളം വോട്ട് കൂടുതൽ കിട്ടി. ഈ നില തുടർന്നാൽ അടുത്ത അസംബ്ലി തെരഞ്ഞെടുപ്പിൽ ദയനീയ പരാജയം ഒഴിവാക്കാനും കഴിഞ്ഞേക്കും. പക്ഷേ, കരുണാകരനും കൂട്ടരും അകത്തു കയറിയാൽ കോൺഗ്രസ്സിന്റെ കഥ കഴിയും.

കൃഷ്ണകുമാറെന്ന മുടിയൻ പുത്രൻ കോൺഗ്രസ്സ് തറവാട്ടിൽ തിരിച്ചെത്തിയിരിക്കുന്നു. കരുണാകരൻ കാരണമാണ് കോൺഗ്രസ്സ് വിട്ടതെന്നും കരുണാകരൻ ഇപ്പോൾ കോൺഗ്രസ്സിൽ ഇല്ലാത്തതുകൊണ്ട് മടങ്ങിവരികയാണെന്നുമാണ് പറയുന്നത്. ഈ ചങ്ങാതിയെ രാഷ്ട്രീയത്തിൽ ഇറക്കിയത് കരുണാകരനായിരുന്നു എന്ന കാര്യം മറന്നെന്ന് തോന്നുന്നു. തെരഞ്ഞെടുപ്പിൽ സീറ്റ് കിട്ടാതെ വരുമ്പോൾ ഉമ്മൻ ചാണ്ടി ഉള്ളതുകൊണ്ട് കോൺഗ്രസ്സ് വിടുന്നു എന്നു പ്രഖ്യാപിച്ച് മറ്റൊരു പാർട്ടിയിലേക്ക് പോകാം.

**എല്ലാവിധ അച്ചടി ജോലികൾക്കും സമീപിക്കുക**

**പുസ്തകങ്ങൾ, ലഘുലേഖകൾ, ബ്രോഷറുകൾ തുടങ്ങിയവയുടെ ഡി.റ്റി.പി., എഡിറ്റിംഗ്, പ്രിന്റിംഗ് തുടങ്ങിയ എല്ലാ ജോലികളും ചെയ്യുന്നതാണ്.**

**ആത്മീയ ഗ്രന്ഥങ്ങൾക്ക് പ്രത്യേക പരിഗണന.**

**പെരുമ്പാവൂർ പ്രിന്റേഴ്സ്**

**ബസ്റ്റ് കോംപ്ലക്സ്**

**കെ.എസ്.ആർ.ടി.സിക്ക് സമീപം**

പെരുമ്പാവൂർ. ഫോൺ : **0484-3950734, 9447414608**

## കെ.പി.കുര്യനെ ഐ.പി.സിയിൽ നിന്നും പുറത്താക്കിക്കൊണ്ട് ടി.എസ്.ഏബ്രഹാം നൽകിയ കത്തിന്റെ പ്രസക്ത ഭാഗങ്ങൾ

ഇൻഡ്യാ പെന്തക്കോസ്തു ദൈവസഭ കേരള സംസ്ഥാനത്ത് തിരുവല്ല ആമല്ലൂർ ലോക്കൽ സഭ പാസ്റ്റർ ആയ കെ.പി.കുര്യനെ അറിയിക്കുന്നത്,

ഇൻഡ്യാ പെന്തക്കോസ്തു ദൈവസഭയുടെ ആമല്ലൂർ ലോക്കൽ സഭാ പാസ്റ്റർ ആയ താങ്കൾ, 6-6-2005 ൽ ഐ.പി.സി. ജനറൽ കൗൺസിലിന്റെ ഒരു അടിയന്തിര യോഗം നടന്നുകൊണ്ടിരിക്കുമ്പോൾ ജനറൽ കൗൺസിൽ യോഗത്തിൽ അനധികൃതമായി പ്രവേശിക്കുകയും അപമര്യാദയായി പലകാര്യങ്ങൾ സംസാരിക്കുകയും കസേര തന്നത്താൻ എടുത്തിട്ട് ജനറൽ കൗൺസിൽ ഔദ്യോഗിക ഭാരവാഹികൾക്കൊപ്പം വേദിയിൽ ഇരിക്കുകയും യോഗനടപടികളുടെ റിപ്പോർട്ട് എഴുതിക്കൊണ്ടിരുന്ന ബുക്ക് ജോയിന്റ് സെക്രട്ടറിയുടെ പക്കൽ നിന്ന് ബലാൽക്കാരമായി പിടിച്ച് വാങ്ങുകയും ജനറൽ ട്രഷററെ കൈയ്യേറ്റം ചെയ്യുവാൻ ശ്രമിക്കുകയും അത്യന്തം ഭയാനകരമായ സാഹചര്യങ്ങൾ സൃഷ്ടിക്കുകയും നിരന്തരമായി അസഭ്യം വിളിച്ചും അട്ടഹസിച്ചും ജീവന് ഭീഷണി പറഞ്ഞും പ്രവർത്തിക്കുകയും ഉണ്ടായല്ലോ.

മാത്രവുമല്ല, തുടർന്നും താങ്കൾ, ഐ.പി.സി. ജനറൽ പ്രസിഡന്റ്, ജനറൽ ട്രഷറർ തുടങ്ങിയ ഭാരവാഹികളെ എല്ലാം വ്യക്തിപരമായി അപമാനിക്കുകയും സഭാ മക്കളുടെയും പൊതുജനങ്ങളുടെയും മദ്ധ്യത്തിൽ അവരുടെ സൽപ്പേരിന് കളങ്കം വരത്തക്കവിധം അപമാനിക്കുകയും അപകീർത്തിപ്പെടുത്തുകയും സ്വഭാവഹത്യ നടത്തുകയും കൂടാതെ, സഭയിലെ പ്രധാന പ്രവർത്തകരിൽ ഒരാളും സ്റ്റേറ്റ് കൗൺസിൽ ജോയിന്റ് സെക്രട്ടറിയുമായ ബ്രദർ വർഗ്ഗീസ് മരത്തിനാലിനെയും മക്കളെയും, അദ്ദേഹത്തിന്റെ എൺപതു വയസ്സുള്ള മാതാവിനെയും മറ്റും അധിക്ഷേപിച്ച് നീതിക്കും സദാചാരത്തിനും വിരുദ്ധമായി പെരുമാറുകയും ചെയ്തിട്ടുള്ളതാണല്ലോ. താങ്കൾക്ക് അതുസംബന്ധമായി സദാ നേതൃത്വത്തിലുള്ള പലരും ഉപദേശങ്ങൾ നൽകി എങ്കിലും അവയെല്ലാം അവഗണിക്കുകയും അവഹേളിക്കുകയും ചെയ്യുകയും മേൽവിധമുള്ള ഗുരുതരമായ അച്ചടക്കവിരുദ്ധ പ്രവർത്തനങ്ങൾ നിരുപാധികം തുടരുകയും ചെയ്തതാണല്ലോ. താങ്കൾ ഐ.പി.സി. സ്റ്റേറ്റ് കൗൺസിൽ/പ്രസ്ബിറ്ററി അംഗമാകയാൽ ആവിധ പ്രവർത്തികൾക്ക് എതിരായി നടപടിക്കായി ജനറൽ കൗൺസിൽ കേരളാ സ്റ്റേറ്റ് കൗൺസിലിലേക്ക്/പ്രസ്ബിറ്ററിയിലേക്ക് റഫർ ചെയ്തുവെങ്കിലും 31-8-2005 ലെ ജനറൽ കൗൺസിലിന്റെ റഫറൻസിനുമേൽ ഒരു നടപടിയും സ്വീകരിക്കാതെ, കേരളാ സ്റ്റേറ്റ് കൗൺസിൽ - പ്രസ്ബിറ്ററി 5-10-2005 ൽ റഫറൻസ് മടക്കി അയച്ചതാണല്ലോ.

താങ്കൾ വീണ്ടും അസഹ്യമായ ആരോപണങ്ങളും ഭീഷണിയും തുടരുകയാൽ ഇൻഡ്യാ പെന്തക്കോസ്തു ദൈവസഭയുടെ 2002-ൽ പരിഷ്കരിച്ച ഭരണഘടനയുടെയും അസോസിയേഷൻ മെമ്മോറാണ്ടത്തിന്റെയും ആർട്ടിക്കിൾ VIII വകുപ്പ്-1, ഉപവകുപ്പ് (4) അനുസരിച്ചും ആർട്ടിക്കിൾ XIII വകുപ്പ് V അനുസരിച്ചും ജനറൽ പ്രസിഡന്റിനുള്ള അംഗീകാരം ഉപയോഗിച്ച് പാസ്റ്റർ കെ.പി. കുര്യൻ ആയ താങ്കളെ ഇൻഡ്യാ പെന്തക്കോസ്ത് ദൈവസഭയിലെ സഭാ ശുശ്രൂഷകൻ എന്ന സ്ഥാനത്തുനിന്നും, ഇനിയും ഒരറിയിപ്പ് ഉണ്ടാകുന്നതുവരെ നീക്കം ചെയ്തിരിക്കുന്നു.

ഇന്ത്യാ പെന്തക്കോസ്തു ദൈവസഭയുടെ ഏതെങ്കിലും സ്ഥാനത്തോ, സമിതി കളിലോ, സ്ഥാനി എന്നനിലയിലോ, അംഗമെന്ന നിലയിലോ പ്രവേശിക്കുന്നതിനോ, പ്രവർത്തിക്കുന്നതിനോ ഇനിയും ഒരു അറിയിപ്പ് ഉണ്ടാകുന്നതുവരെ താങ്കൾക്ക് അനുവാദമോ, അവകാശമോ ഇല്ലന്നും, ഐ.പി.സി. ഭരണഘടന അർട്ടിക്കിൾ VIII വകുപ്പ്-1 ഉപവകുപ്പ് (7) പ്രകാരമുള്ള അധികാരത്തിലും സർവ്വോപരി ഈ സഭയുടെ അന്തസത്തയും വിശ്വാസവും നിലനിൽപ്പും പാലിക്കുകയും സംരക്ഷിക്കുകയും ചെയ്യണമെന്നുള്ള ഉത്തമ താൽപര്യത്തിലും വിശ്വാസത്തിലും ബോദ്ധ്യത്തിലും വിശ്വാസത്തിലും ഈ നടപടി സ്വീകരിച്ചതാണെന്നും താങ്കളെ അറിയിക്കുന്നു.

താങ്കൾ ഐ.പി.സി ജനറൽ പ്രസിഡന്റിന് എതിരായി ആരോപണങ്ങൾ ഉന്നയിക്കുകയാൽ ഇതു സംബന്ധമായി താങ്കൾക്ക് എന്തെങ്കിലും സമാധാനം ബോധിപ്പിക്കണമെങ്കിൽ ഐ.പി.സി. ജനറൽ കൗൺസിൽ/പ്രസ്ബിറ്ററി മുൻപാകെ വിശദീകരണം നൽകാമെന്നും ഇന്നു മുതൽ 30 (മുപ്പതു) ദിവസത്തിനകം അപ്രകാരം സമാധാനം ബോധിപ്പിക്കാമെന്നും ഇതു സംബന്ധമായി ഉചിത നടപടികൾ സ്വീകരിക്കുന്നതിന് ഐ.പി.സി ജനറൽ കൗൺസിൽ/പ്രസ്ബിറ്ററിയെ ചുമതലപ്പെടുത്തുന്നതായും ഇതിനാൽ അറിയിക്കുന്നുന്നു.

എന്ന്,

07-10-2005

ഐ.പി.സി. ജനറൽ പ്രസിഡന്റ്
(പാസ്റ്റർ റ്റി.എസ്.ഏബ്രാഹാം)



# കൗൺസിൽ അംഗങ്ങൾ രാജി വെയ്ക്കാൻ നീക്കം

ഐ.പി.സി. കേരള സ്റ്റേറ്റ് കൗൺസിൽ അംഗങ്ങൾ കൂട്ടത്തോടെ രാജി വെയ്ക്കാൻ ആലോചിക്കുന്നതായി ഡിഫെൻഡറിന് വിവരം കിട്ടിയിരിക്കുന്നു. കെ.എം.ജോൺ രണ്ടുംകെട്ട നയം തുടരുന്നതിൽ പ്രതിഷേധിച്ചാണ് ഈ കടുത്ത നടപടിക്ക് അവർ തയ്യാറാകുന്നത് എന്നാണ് അറിയാൻ കഴിഞ്ഞത്.

കെ.പി.കുര്യനെതിരെ നടപടിയെടുക്കണം എന്ന് ആവശ്യപ്പെട്ട് ജനറൽ കൗൺസിൽ കേരള സ്റ്റേറ്റ് കൗൺസിലിന് കത്തു കൊടുത്തിട്ട് ഫലപ്രദമായി ഒന്നും ചെയ്യാൻ കെ.എം.ജോണിന് ധൈര്യമുണ്ടായില്ല. ഒടുവിൽ ഒരു നടപടിയും എടുക്കാതെ ഈ കത്ത് ജനറൽ കൗൺസിലിന് സ്റ്റേറ്റ് കൗൺസിൽ തിരിച്ചയയ്ക്കേണ്ടതായിവന്നു.

ജനറൽ പ്രസിഡന്റായ ടി.എസ്.ഏബ്രഹാം കെ.പി.കുര്യനെ പുറത്താക്കിക്കൊണ്ട് പുറത്തിറക്കിയ കത്തിന്റെ കോപ്പി സ്റ്റേറ്റ് കൗൺസിലിനും കൊടുത്തിരുന്നു. കെ.പി.കുര്യന് ഇന്ത്യാ പെന്തക്കോസ്തു ദൈവസഭയുടെ ഏതെങ്കിലും സ്ഥാനത്തോ, സമിതികളിലോ, സ്ഥാനി എന്നനിലയിലോ, അംഗമെന്ന നിലയിലോ പ്രവേശിക്കുന്നതിനോ, പ്രവർത്തിക്കുന്നതിനോ ഇനിയും ഒരു അറിയിപ്പ് ഉണ്ടാകുന്നതുവരെ അനുവാദമോ, അവകാശമോ ഇല്ല എന്ന് ആ കത്തിൽ വ്യക്തമാക്കുകയും ചെയ്തിരുന്നു. അതനുസരിച്ച് കെ.പി.കുര്യന് ഐ.പി.സി. കേരള സ്റ്റേറ്റ് കൗൺസിൽ അംഗത്വവും സ്റ്റേറ്റ് പ്രസ്ബിറ്ററി അംഗത്വവും നഷ്ടമാകുകയും ചെയ്തിരുന്നു. എന്നാൽ ഒക്ടോബർ 11ന് നടന്ന സ്റ്റേറ്റ് പ്രസ്ബിറ്ററി മീറ്റിംഗിൽ കുര്യൻ പങ്കെടുത്തു. മാത്രമല്ല, ടി.എസ്. ഏബ്രഹാമിന്റെ കത്ത് വായിക്കുന്നത് തടയുകയും ചെയ്തു.

സ്റ്റേറ്റ് പ്രസിഡന്റായ കെ.എം.ജോൺ പദവിക്കൊത്ത് ഉയരുകയും ജനറൽ പ്രസിഡന്റിന്റെ കത്ത് വായിക്കയും ചെയ്തിരുന്നെങ്കിൽ കുര്യനെ പുറത്താക്കി സ്റ്റേറ്റ് പ്രസ്ബിറ്ററിക്ക് മീറ്റിംഗ് നടത്തുവാൻ കഴിയുമായിരുന്നു.

കെ.പി.കുര്യനെ കെ.എം.ജോണിന് ഭയമാണ് എന്ന വസ്തുത ഏവർക്കും അറിവുള്ളതാണ്. മിൽമാ കേസ്സ് ഉൾപ്പെടെ പലതും കെ.പി. കുര്യനറിയാം. അതൊക്കെ കുര്യൻ തുറന്നു പറഞ്ഞാൽ കെ.എം. ജോൺ ഈ ലോകം തന്നെ വിട്ടു പോകേണ്ടതായി വരും. കൈയ്യിലിരുപ്പ് അത്ര നല്ലതാണ്. അങ്ങനെയുള്ള ഒരാൾക്ക് കെ.പി.കുര്യനെതിരെ നടപടിയെടുക്കാൻ എങ്ങനെ ധൈര്യമുണ്ടാകും?

ജനറൽ പ്രസിഡന്റിനെ ധിക്കരിച്ച് കെ.പി.കുര്യൻ കൗൺസിൽ യോഗത്തിൽ പങ്കെടുക്കുന്നത് തടയാൻ കെ.എം.ജോൺ ധൈര്യം കാണിക്കുന്നില്ലെങ്കിൽ കൗൺസിൽ അംഗങ്ങളായി തുടരുന്നതിൽ അർത്ഥമില്ല എന്നാണ് ഭൂരിപക്ഷം കൗൺസിൽ അംഗങ്ങളുടേയും നിലപാട്. സ്റ്റേറ്റ് പ്രസിഡന്റ് അനങ്ങാപ്പാറ നയം തുടർന്നാൽ കൂട്ടരാജിയിലൂടെ പ്രതിഷേധിക്കാനണ് അവരുടെ തീരുമാനം.

# പോലീസ് വന്നില്ല

പാണ്ടൻ നായുടെ പല്ലിനു ശൗര്യം പണ്ടേപ്പോലെ ഫലിക്കുന്നില്ല എന്നു പറഞ്ഞതുപോലെയാണ് ഇപ്പോൾ ടി.എസ്.ഏബ്രഹാമിന്റെ സ്ഥിതി. ടി.എസ്.ഏബ്രഹാം വിരൽ ഞൊടിച്ചാൽ വാലുമാട്ടി കോയിപ്രം പോലീസ് ഹെബ്രോൻ ബംഗ്ളാവിന്റെ വാതിൽക്കൽ കാവൽ നിൽക്കുന്ന ഒരു കാലമുണ്ടായിരുന്നു. ആ നല്ലകാലം പൊയ്പ്പോയി. ടി.എസ്.ഏബ്രഹാം വിളിച്ചിട്ട് പോലീസ് ഇപ്പോൾ മൈന്റ് ചെയ്യുന്നില്ല.

ഒക്ടോബർ 11ന് ഹെബ്രോൻ പുരത്ത് നടക്കുന്ന കേരള സ്റ്റേറ്റ് പ്രസ്ബിറ്ററി യോഗത്തിൽ പങ്കെടുക്കാൻ കുര്യൻ വരുമെന്നും അപ്പോൾ കുര്യനെ അറസ്റ്റ് ചെയ്യിക്കാമെന്നും ആയിരുന്നു ടി.എസ്. ഏബ്രഹാമിന്റെ കണക്കുകൂട്ടൽ. പ്രതീക്ഷിച്ചതുപോലെ കുര്യൻ വന്നു. പക്ഷേ പോലീസ് വന്നില്ല. അതുകൊണ്ട് അറസ്റ്റ് നടന്നില്ല.

ടി.എസ്.ഏബ്രഹാം പോലീസിനെ വിളിച്ചതാണ്. പക്ഷേ അവർ പ്രതികരിച്ചില്ല. ടി.എസ്.ഏബ്രഹാമിന്റെ ഉത്തരവ് നടപ്പിലാക്കാനല്ല സർക്കാർ തങ്ങൾക്ക് ശമ്പളം തരുന്നത് എന്നത്രേ പോലീസ് പറഞ്ഞത്. കോടതിയുടെ ഉത്തരവുണ്ടെങ്കിൽ കുര്യനെ തടയുകയോ അറസ്റ്റ് ചെയ്യുകയോ ഒക്കെ ആകാം. പക്ഷേ, ടി.എസ്.ഏബ്രഹാമിന്റെ ഉത്തരവ് ആരെങ്കിലും ലംഘിച്ചാൽ അത് പോലീസ് ഇടപെടേണ്ട വിഷയമല്ല. രാജ്യത്തെ നിയമം അനുസരിച്ച് കുര്യൻ കുറ്റം ചെയ്യുമ്പോൾ മാത്രമേ അത് ക്രൈം ആകുന്നുള്ളൂ. അത്തരം കാര്യങ്ങളിൽ മാത്രമേ പോലീസിന് നടപടി എടുക്കാൻ കഴിയൂ.

അങ്ങനെയെങ്കിൽ ടി.എസ്.ബാലനെ എങ്ങനെ കള്ളക്കേസ്സിൽ കുടുക്കി എന്ന് ചോദിച്ചേക്കാം. ഉത്തരം സിമ്പിൾ. വളച്ചാൽ വളയുന്നതാണ് നിയമം. പണം ഉപയോഗിച്ച് അത് വളക്കാൻ കുര്യനറിയാം. ടി.എസ്.ഏബ്രഹാമിന്റെ പണം ഉപയോഗിച്ച് കുര്യൻ നിയമത്തെ വളച്ചു. പക്ഷേ, ഇപ്പോൾ കുര്യൻ മറുവശത്താണ്. പണം ഉണ്ടെങ്കിലും വളയ്ക്കൽ പരിപാടി ടി.എസ്.ഏബ്രഹാമിന് അറിഞ്ഞുകൂടാ.


**വണ്ടിയുടെ ഗ്ലാസ് തല്ലിപ്പൊളിക്കേണ്ട**

**താക്കോൽ ഉള്ളിൽ വച്ച് നിങ്ങളുടെ വാഹനം പൂട്ടിപ്പോയി. അത് എങ്ങനെ തുറക്കും? വിവരം പെരുമ്പാവൂരിലെ ചാവിക്കടയിൽ അറിയിച്ചാൽ, (വാഹനം നിങ്ങളുടേതാണെന്ന് ബോദ്ധ്യപ്പെടുത്തിയാൽ), രണ്ടു മിനിറ്റുകൊണ്ട് കാര്യം സാധിക്കാം.**

**ചാവിക്കട**

**ഫെഡറൽ ബാങ്കിന് എതിർവശം, പെരുമ്പാവൂർ**
**ഫോൺ: 9447149309. സമയം: 9 AM to 9 PM.**
**ഞായറാഴ്ചയും പ്രവർത്തിക്കും**

# സഭയും കുറെ നിയമപ്രശ്നങ്ങളും

പെന്തക്കോസ്തുകാരിൽ ഭൂരിപക്ഷത്തിനും നിയമത്തേക്കുറിച്ച് കാര്യമായ അറിവില്ല. നിയമമെന്നും കോടതിയെന്നും കേൾക്കുന്നതുതന്നെ പലർക്കും അലർജിയാണ്. ഇതൊന്നും ആത്മീയർക്കു ചേർന്നതല്ല എന്നാണ് വാദം. ആത്മീയൻ എന്നാൽ പഴങ്കഞ്ഞി കുടിയൻ എന്നാണ് പലരും ധരിച്ചു വെച്ചിരിക്കുന്നത്. ഇതിനൊക്കെ വചനത്തിൽ ആധാരമുണ്ടോ എന്ന് പരിശോധിക്കാറില്ല.

ദൈവമക്കൾ കോടതിയും കേസ്സുമൊക്കെയായി നടക്കണം എന്ന് ഈ പറഞ്ഞതിന് അർത്ഥമില്ല. നിയമം പഠിക്കുന്നത് തെറ്റല്ലെന്നും നിയമം അറിഞ്ഞിരിക്കേണ്ടത് ഒരതിരുവരെയെങ്കിലും ആവശ്യമാണെന്നും മാത്രമേ ഡിഫെൻഡർ പറയുന്നുള്ളൂ.

കോടതിയിൽ പോകുന്നത് മഹാപാപമാണ് എന്നു പറയുന്നവർ തന്നെ തങ്ങൾക്ക് ഒരു ആവശ്യം വരുമ്പോൾ കോടതിയിൽ പോകും. വിവിധ പെന്തക്കോസ്ത് സഭകളിലെ നേതാക്കൻമാർ ഡിഫെൻഡറിന്റെ പ്രവർത്തകർക്കെതിരെ ഒരു ഡസനോളം കേസ്സുകൾ പോലീസിലും കോടതിയിലുമായി കൊടുത്തിട്ടുണ്ട്. കേസ്സ് കൊടുക്കുന്നത് പാപമാണെങ്കിൽ ഈ നേതാക്കൻമാർക്കെതിരെ നടപടി എടുക്കട്ടെ. നേതാക്കൻമാർ കേസ്സ് കൊടുക്കുന്നത് പുണ്യവും വിശ്വാസികൾ കേസ്സ് കൊടുക്കുന്നത് പാപവുമാണെന്നാണ് ധാരണയെങ്കിൽ നിങ്ങൾ ദയവായി ദൈവവചനം പഠിക്കുക.

ഐ.പി.സി., ശാരോൻ തുടങ്ങിയവ ചാരിറ്റബിൾ സൊസൈറ്റികളാണ്. സൊസൈറ്റീസ് ആക്ട് അനുസരിച്ച് ചാരിറ്റബിൾ സൊസൈറ്റികൾക്കു ലഭിക്കുന്ന അവകാശാധികാരങ്ങൾ മാത്രമേ ഈ സൊസൈറ്റികൾക്കും ലഭിക്കുകയുള്ളൂ. ഇതൊക്കെ സഭകളാണെന്നും മതസംഘടനകൾക്കുള്ള അധികാരം ഈ സംഘടനകൾക്കുണ്ടെന്നും തെറ്റിദ്ധരിക്കരുത്. നിയമപരമായി പറഞ്ഞാൽ ഇതൊന്നും മതസംഘടനയല്ല. കാരണം, സൊസൈറ്റീസ് ആക്ട് അനുസരിച്ച് മതസംഘടന രജിസ്റ്റർ ചെയ്യാൻ പറ്റില്ല.

ഐ.പി.സിയും ശാരോനും ഒക്കെ ഓർഡിനേഷൻ കൊടുക്കുന്ന പാസ്റ്റർമാർക്ക് വിവാഹവും ശവമടക്കും ഒക്കെ നടത്താൻ അധികാരമുണ്ട് എന്നതും ഒരു തെറ്റിദ്ധാരണ മാത്രമാണ്. ചാരിറ്റബിൾ സൊസൈറ്റിക്ക് വിവാഹം നടത്താൻ അനുവാദമില്ല. ക്രിസ്ത്യൻ മാര്യേജ് ആക്ട് അനുസരിച്ചും പാസ്റ്റർമാർക്ക് വിവാഹം നടത്താൻ അധികാരമില്ല. ബിഷപ്പുമാർ അധികാരം നൽകിയ പുരോഹിതർക്കോ ക്രിസ്ത്യൻ വിവാഹ രജിസ്ട്രാർക്കോ മാത്രമേ ക്രിസ്ത്യൻ വിവാഹങ്ങൾ നടത്താൻ അധികാരമുള്ളൂ. എങ്കിലും ഈ നിയമം കേരളത്തിൽ അത്ര നിശിതമായി നടപ്പിലാക്കുന്നില്ല. അതുകൊണ്ട് പാസ്റ്റർമാർ നടത്തുന്ന നിയമവിരുദ്ധ വിവാഹങ്ങളും വിവാഹങ്ങളായി പരിഗണിക്കപ്പെടുന്നു എന്നു മാത്രം.

ശവമടക്ക് നടത്താൻ വിശേഷിച്ച് ഒരു അധികാരവും വേണ്ട എന്നതാണ് വസ്തുത. പക്ഷേ, ശവസംസ്ക്കാരം നടത്തുന്ന സ്ഥലത്തിന്റെ ഉടമസ്ഥന്റെ അനുവാദം ആവശ്യമാണ്. ശവം ദഹിപ്പിക്കുകയാണെങ്കിൽ ദഹിപ്പിക്കുന്ന സ്ഥലത്തിന്റെ ഉടമസ്ഥൻ അനുവദിക്കണം. വല്ലവരുടേയും സ്ഥലത്തു കയറി ശവം ദഹിപ്പിക്കാനോ കുഴിച്ചിടാനോ പറ്റില്ല. സെമിത്തേരിയിൽ ശവമടക്കാനും ഇതുതന്നെ നിയമം. ഐ.പി.സി. എന്ന ചാരിറ്റബിൾ സൊസൈറ്റിയുടെ ശവപ്പറമ്പിൽ ശവസംസ്ക്കാരം നടത്താൻ ഐ.പി.സി. അനുവദിക്കണം. ഐ.പി.സിയുടെ ഓർഡിനേഷൻ കിട്ടിയ പാസ്റ്റർമാർക്കാണ് ഐ.പി.സി. ഇതിനുള്ള അധികാരം നൽകിയിരിക്കുന്നത്.

ഒരു വിശ്വാസിയുടെ ശവം ആ വ്യക്തിയുടേയോ കുടുംബാംഗങ്ങളുടേയോ ഉടമസ്ഥതയിലുള്ള സ്വകാര്യ ഭൂമിയിൽ മറവുചെയ്യുന്നതിന് ഉടമസ്ഥന്റെ അനുവാദമല്ലാതെ മറ്റൊന്നും ആവശ്യമില്ല. ക്രിസ്ത്യാനിയുടെ ശവം സ്വന്തം പറമ്പിൽ സംസ്ക്കരിക്കാൻ പാടില്ല എന്ന് ഏതോ നിയമത്തിൽ പറയുന്നുണ്ട് എന്നൊരു ധാരണയുണ്ട്. അതും ശരിയല്ല. ഹിന്ദുവിന്റെ ശവവും ക്രിസ്ത്യാനിയുടെം ശവവും നിയമത്തിന്റെ കണ്ണിൽ ഒന്നാണ്.

ഐ.പി.സി., ശാരോൻ തുടങ്ങിയ സൊസൈറ്റിയിലെ ഒരു അംഗത്തെ പുറത്താക്കുന്നത് അസാദ്ധ്യമാണെന്ന് പറയാനാവില്ലെങ്കിലും അത്ര എളുപ്പമല്ല എന്നും അറിഞ്ഞിരിക്കണം. സഭയുടെ വിശ്വാസാചാരങ്ങൾക്ക് വിരുദ്ധമായി പഠിപ്പിക്കയോ പ്രവർത്തിക്കയോ ചെയ്തു എന്നു പറഞ്ഞ് പുറത്താക്കാറുണ്ട്. അത് കോടതികൾ പോലും അംഗീകരിക്കാറുമുണ്ട്. പക്ഷേ, മതവിശ്വാസം, മതാചാരം തുടങ്ങിയവ ചാരിറ്റബിൾ സൊസൈറ്റീസ് ആക്ടിന്റെ പരിധിയിൽ വരുന്ന കാര്യമല്ല. സൊസൈറ്റിയുടെ ബൈലോയിൽ എന്തുതന്നെ എഴുതിയിരുന്നാലും മതവിശ്വാസ ലംഘനത്തിന്റെ പേരിൽ ഒരു അംഗത്തിനെതിരെ നടപടി എടുക്കാൻ പറ്റില്ല. ഈ വസ്തുത കോടതിയെ ബോദ്ധ്യപ്പെടുത്താൻ കഴിഞ്ഞാൽ ഇത്തരം പുറത്താക്കലുകൾക്കെതിരെ വിധി സമ്പാദിക്കുവാൻ കഴിയും.

പാസ്റ്റർമാരെ ശുശ്രൂഷയിൽ നിന്ന് മുടക്കുന്നത് വലിയ ബുദ്ധിമുട്ടു കൂടാതെ നടത്താൻ കഴിയും. ശുശ്രൂഷകൻമാരെ നിയമിക്കാൻ അധികാരമുള്ളവർക്ക് നടപടി എടുക്കാനും അധികാരമുണ്ടാകും. ഗൗരവമുള്ള കുറ്റങ്ങൾ തെളിയിക്കപ്പെട്ടാൽ പാസ്റ്റർമാരെ ശുശ്രൂഷയിൽ നിന്ന് മാറ്റി നിർത്താൻ കഴിയും.

ശുശ്രൂഷകനെ സഭയുടെ പാഴ്സനേജിൽ നിന്ന് ഇറക്കി വിടുന്നത് ബുദ്ധിമുട്ടുള്ള കാര്യമാണ്. കൈവശക്കാരന്റെ അവകാശത്തെ നിയമം അംഗീകരിക്കുന്നു എന്നതുതന്നെ കാരണം. പാസ്റ്റർ പാഴ്സനേജിൽ താമസിക്കുമ്പോൾ ആ കെട്ടിടം പാസ്റ്ററുടെ കൈവശത്തിലാണ്. സഭയുടെ പ്രസിഡന്റിനുപോലും ആ കെട്ടിടത്തിനുള്ളിൽ പാസ്റ്ററുടെ അനുവാദം കൂടാതെ പ്രവേശിക്കാൻ സാദ്ധ്യമല്ല. സ്ഥലംമാറ്റം ലഭിക്കുകയോ നടപടിക്ക് വിധേയനാകുകയോ ചെയ്താലും പാഴ്സനേജ് ഒഴിഞ്ഞു കൊടുക്കാൻ ചില പാസ്റ്റർമാർ തയ്യാറാകാറില്ല. ഇത്തരം സന്ദർഭങ്ങളിൽ പോലീസിനെ കൊണ്ടുവന്ന് പാസ്റ്ററെ ഇറക്കി വിടാൻ നേതാക്കൻമാർക്ക് കഴിയാറുമുണ്ട്. പക്ഷേ, പാസ്റ്റർക്ക് നിയമം അറിയാമെങ്കിൽ ഈ പരിപാടി നടക്കുകയില്ല. പാഴ്സനേജിന്റെ കൈവശാവകാശിയായ പാസ്റ്ററെ ഇറക്കിവിടാൻ ഉടമസ്ഥനായ സഭാനേതാവിന് കോടതിയുത്തരവ് സമ്പാദിക്കുകയും അത് നടപ്പിലാക്കാനുള്ള മറ്റൊരു വിധി സമ്പാദിക്കയും ചെയ്യണം. അതിനുശേഷം കോടതി അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന്റെ നേതൃത്വത്തിൽ വേണം ഒഴിപ്പിക്കൽ.

സിവിൽ വിഷയങ്ങളിൽ ഇടപെടാൻ പോലീസിന് അധികാരമില്ല. പാഴ്സനേജിൽ പാസ്റ്റർ താമസിക്കുന്നത് അനധികൃതമായാണോ എന്നു പരിശോധിക്കുന്നതും അനധികൃതമാണെങ്കിൽ ഇറക്കി വിടുന്നതും പോലീസിന്റെ അധികാര പരിധിയിൽ പെട്ട കാര്യമല്ല. സിവിൽ കോടതിക്കാണ് അതിനുള്ള അധികാരം. കോടതിയുടെ ഉത്തരവില്ലാതെ ഇത്തരം പ്രശ്നങ്ങളിൽ നിയമപരിജ്ഞാനമുള്ള ഒരു പോലീസുകാരനും ഇടപെടുകയില്ല. എന്നാൽ തർക്കം മൂത്ത് അടിപിടിയുണ്ടായാൽ കേസ്സ് ക്രിമിനലാകും. അതിൽ പോലീസിന് ഇടപെടാം. ക്രമസമാധാനം പാലിക്കാൻ ആവശ്യമായ നടപടികൾ പോലീസിന് സ്വീകരിക്കയും ചെയ്യാം.

# ഡിഫെൻഡർ മറുപടി പറയുന്നു

? യഹോവയുടെ അഭിഷിക്തനായ ശൗൽ വീണത് ഗത്തിൽ പ്രസിദ്ധമാക്കരുത് എന്ന് ദാവീദ് പറയുന്നു. ടി.എസ്.ഏബ്രഹാമിനേപ്പോലുള്ളവർക്ക് ഉണ്ടായിരിക്കുന്ന വീഴ്ച പത്രത്തിൽ അടിച്ചുവിടുന്നതിനെ മേല്പറഞ്ഞ വചനത്തിന്റെ അടിസ്ഥാനത്തിൽ എങ്ങനെ ന്യായീകരിക്കും?

■ ശൗൽ യഹോവയുടെ അഭിഷിക്തനായിരുന്നു. ശൗലിനെ രാജാവാക്കിയത് ദൈവമായിരുന്നു. അവന്റെ പതനം യിസ്രായേലിന്റെ പരാജയമാണ്. എന്തു കാരണംകൊണ്ടായാലും യഹോവയുടെ അഭിഷിക്തന്റെ വീഴ്ച ജാതികൾക്ക് സന്തോഷകരമാണ്. ഫെലിസ്ത്യർ അത് ആഘോഷിക്കും. അതിന് ഇടയാക്കരുത് എന്നാണ് ദാവീദ് പറയുന്നത്. ഈ സംഭവവുമായി ടി.എസ്.ഏബ്രഹാമിന്റെ വീഴ്ചയ്ക്ക് ബന്ധമില്ല.

യിസ്രായേൽ എന്ന രാജ്യം ദൈവഹിതപ്രകാരം നിലവിൽ വന്നതാണ്. പക്ഷേ, ഐ.പി.സി. എന്ന പ്രസ്ഥാനം ദൈവീക കാര്യപരിപാടിയുടെ ഭാഗമല്ല. ഐ.പി.സി. എന്നല്ല, ഇന്ന് ലോകത്തുള്ള ഒരു ക്രൈസ്തവ സംഘടനയും ദൈവീകമല്ല. ദൈവ വചനത്തിൽ ഇതിന് ആധാരം കണ്ടെത്താനാവില്ല.

യേശുക്രിസ്തുവിനെ രക്ഷിതാവായി സ്വീകരിക്കുന്ന വ്യക്തി രക്ഷിക്കപ്പെടുന്നു. ഇപ്രകാരം രക്ഷിക്കപ്പെട്ടവരുടെ പ്രാദേശിക കൂട്ടായ്മയാണ് പ്രാദേശിക സഭ. കെരിന്തിലെ സഭ, ഗലാത്യയിലെ സഭ തുടങ്ങിയവ ഉദാഹരണം. ഇങ്ങനെ ലോകത്തുള്ള എല്ലാ പ്രാദേശിക സഭകളും ഒന്നു ചേർന്നാൽ സാർവ്വത്രിക സഭയായി. ഇത്രയുമൊക്കെ ദൈവവചനത്തിലുള്ളതാണ്. പ്രാദേശിക സഭകളെ കൂട്ടിച്ചേർത്ത് ഐ.പി.സിയും ശാരോനും ഉണ്ടാക്കുന്ന പരിപാടി ദൈവവചനത്തിലില്ല. ദൈവീക കാര്യപരിപാടിയിൽ ഇത്തരം സംഘടനകൾക്ക് ഒരു സ്ഥാനവുമില്ല. ഈ സംഘടനകളുടെ നേതാക്കൻമാർക്ക് ദൈവം വിശേഷിച്ച് ഒരു അഭിഷേകവും കൊടുത്തിട്ടുമില്ല.

ഐ.പി.സി. മാനുഷികമോ സാത്താന്യമോ ആണ്. രണ്ടിൽ ഏതായാലും ഐ.പി.സിയുടെ നേതാവിന് അഭിഷിക്തൻ എന്ന സ്ഥാനം കൊടുക്കാനുമാവില്ല. വോട്ടു പിടിച്ചും കുതികാൽ വെട്ടിയും സംഘടനയുടെ തലപ്പത്തെത്തിയാൽ ഉടൻ യഹോവയുടെ അഭിഷിക്തനാകുന്നതെങ്ങനെ എന്ന് അറിഞ്ഞുകൂടാ.

ടി.എസ്.ഏബ്രഹാം ഐ. പി.സിയുടെ പ്രസിഡന്റായത് എങ്ങനെ എന്ന് ഏവർക്കും അറിയാം. കെ.ഇ.ഏബ്രഹാമിന്റെ മകനായതുകൊണ്ട് പെന്തക്കോസ്തുകാരനായി. നല്ല ആദായമുള്ള ജോലി എന്ന നിലയിൽ പാസ്റ്റർ ഉദ്യോഗം തിരഞ്ഞെടുത്തു. ഹെബ്രോൻ ബംഗ്ലാവിലെ താമസക്കാരൻ എന്ന നിലയിൽ സഭയുടെ കേന്ദ്രബിന്ദുവായി. പല തറവേലകളും കളിച്ച് ഐ.പി.സിയുടെ ജനറൽ പ്രസിഡന്റ് വരെ ആയി. ആരോഗ്യമുള്ള കാലം മുഴുവൻ വ്യഭിചരിച്ചു. അതിനു കഴിവില്ലാതായപ്പോൾ മറ്റു കലാപരിപാടികൾ ആരംഭിച്ചു. മോഷ്ടിക്കാവുന്നതിന്റെ പരമാവധി മോഷ്ടിച്ചു. ഏറ്റവും വലിയ നിക്ഷേപകനുള്ള അവാർഡ് വരെ വാങ്ങിച്ചു. ഇതിനിടയിൽ എപ്പോഴാണാവോ ടി.എസ്.ഏബ്രഹാം അഭിഷിക്തനായത്? ഇയാൾ അഭിഷിക്തനാണെന്നു പറയുന്നവർ ഇയാൾക്ക് അഭിഷേകം കിട്ടിയത് എപ്പോഴെന്ന് പറയണം.

ടി.എസ്.ഏബ്രഹാമിനേപ്പോലുള്ളവരെ അഭിഷിക്തരായി പരിഗണിക്കപ്പെടാൻ കാരണമെന്താണ്? വിശദീകരിക്കാം.

കത്തോലിക്ക സഭയുടെ വിശ്വാസം അനുസരിച്ച് ആ സംഘടനയാണ് ദൈവസഭ. ആ സംഘടനയുടെ തലവനാണ് സഭയുടെ തലവൻ. സ്വർഗ്ഗത്തിന്റെ താക്കോൽ പോപ്പിന്റെ കൈവശമാണ് ഇരിക്കുന്നത്. പോപ്പിനെ തള്ളിപ്പറഞ്ഞുകൊണ്ട് ആർക്കും സ്വർഗ്ഗത്തിൽ എത്താൽ പറ്റില്ല. ഇതിനോട് സാമ്യമുള്ള വിശ്വാസമാണ് മറ്റു ക്രൈസ്തവ സമുദായങ്ങൾക്കും ഉള്ളത്. പുരോഹിതനായി മാറുമ്പോൾ ലഭിക്കുന്ന കൈവയ്പ് ഒരു വ്യക്തിയെ അഭിഷിക്തനാക്കുന്നു. യഹോവയുടെ അഭിഷിക്തൻമാരെ തൊടരുത്, അവർക്ക് ഒരു ദോഷവും വരുത്തരുത് എന്ന വാക്യം സന്ദർഭത്തിൽ നിന്നും അടർത്തിയെടുത്ത് പുരോഹിതരുടെ സംരക്ഷണത്തിനായി ഉപയോഗിക്കുന്നു. 105-ാം സങ്കീർത്തനം ശ്രദ്ധിച്ച് ഒരാവർത്തി വായിച്ചിരുന്നെങ്കിൽ യിസ്രായേൽ എന്ന ജാതിയെയാണ് അഭിഷിക്തൻ എന്ന വാക്കുകൊണ്ട് അർത്ഥമാക്കുന്നത് എന്ന് വ്യക്തമാകുമായിരുന്നു.

ക്രൈസ്തവ സമുദായങ്ങളിൽ നിന്നും വിശ്വാസത്തിൽ വന്നവരാണ് പെന്തക്കോസ്തുകാരിൽ ഭൂരിപക്ഷവും. അതുകൊണ്ട് സമുദായത്തിന്റെ സ്വാധീനം അവരിൽ ഇന്നും നിലനിൽക്കുന്നു. സമുദായത്തിലെ അച്ചന്റെ സ്ഥാനത്താണ് അവർ പാസ്റ്ററെ കാണുന്നത്. അതുപോലെ ബിഷപ്പിന്റെ സ്ഥാനത്താണ് സെന്റർ പാസ്റ്ററെ കാണുന്നത്. ടി.എസ്.ഏബ്രഹാമിനേപ്പോലുള്ളവർ മെത്രാപ്പോലീത്താമാരാണ്. അങ്ങനെയാണ് അവർ അഭിഷിക്തൻമാരായത്. ഇതിനൊന്നും വചനത്തിൽ ആധാരമില്ല.

ബൈബിളാണ് ഡിഫെൻഡർ ആധാരമായി സ്വീകരിക്കുന്നത്. ദൈവവചനത്തിൽ ഇല്ലാത്ത ഐ.പി.സിയുടെ തലവൻ ഡിഫെൻഡറിനെ സംബന്ധിച്ച് അഭിഷിക്തനല്ല. ഇയാളുടെ വീഴ്ച സാത്താന്റെ വീഴ്ചയാണ്. അത് ഡിഫെൻഡർ ശരിക്കും ആഘോഷിക്കും. കഴിയുന്നത്ര ഉച്ചത്തിൽ വിളിച്ചു പറയും.

ടി.എസ്.ഏബ്രഹാം വീണാൽ ദൈവസഭ തകരുമോ? ഐ.പി.സി. നശിച്ചാൽ ദൈവസഭ ഇല്ലാതാകുമോ? ഇല്ലെന്നു വ്യക്തം. ഐ.പി.സിയും ശാരോനും ഒക്കെ നശിച്ചാൽ യഥാർത്ഥ ദൈവസഭ വളരും. ദൈവനാമം മഹത്വപ്പെടും. നേതാക്കൻമാരായ കള്ളൻമാർ ഒഴികെയുള്ള ശുശ്രൂഷകൻമാർക്കോ സാധാരണക്കാരായ വിശ്വാസികൾക്കോ ദോഷം ഉണ്ടാകുകയുമില്ല.

വചനവിരുദ്ധമായി ഉണ്ടാക്കിയിരിക്കുന്ന ഐ.പി.സി. പോലുള്ള സംഘടനകളാണ് ദൈവസഭയുടെ വളർച്ചയ്ക്ക് തടസ്സമായി നിൽക്കുന്നത്. ടി.എസ്.ഏബ്രഹാമിനേപ്പോലുള്ള നീചൻമാർ സംഘടനയുടെ തലപ്പത്തിരുന്ന് കാട്ടിക്കൂട്ടുന്ന പേക്കൂത്തുകളാണ് ദൈവത്തിന് അപമാനം വരുത്തുന്നത്. ഇത്തരക്കാർ വീഴുമ്പോൾ ദൈവമക്കൾ സന്തോഷിക്കണം. ഇവരുടെ വീഴ്ച ആഘോഷിക്കണം.

മഹതിയാം ബാബിലോൺ വീണത് ദൈവ മക്കൾ ആഘോഷിക്കാൻ ദൈവവചനം പറയുന്നു. ദൈവഹിതത്തിന് എതിരായി പടുത്തുയർത്തിയതായിരുന്നു അത് എന്നതുതന്നെ കാരണം. ഇന്നുള്ള എല്ലാ പെന്തക്കോസ്ത് സംഘടനകളും മഹതിയാം ബാബിലോണിന്റെ കുഞ്ഞുങ്ങളാണ്. ഇവയും നശിക്കണം. എങ്കിൽ മാത്രമേ യഥാർത്ഥ ദൈവസഭ വളരുകയുള്ളൂ.

ടി.എസ്.ഏബ്രഹാമിനേപ്പോലുള്ളവരെ വിമർശിച്ചാൽ ദൈവകോപമുണ്ടാകുകയില്ല. കാരണം ഇവർക്ക് ദൈവവുമായി ബന്ധമൊന്നുമില്ല. ഐ.പി.സിയുടെ പ്രസിഡന്റായതുകൊണ്ട് ആരും അഭിഷിക്തനോ ദൈവദാസനോ ആകുകയില്ല. കാരണം ഐ.പി.സിക്ക് ദൈവവുമായി ബന്ധമൊന്നുമില്ല. ഐ.പി.സി. എന്നത് എൻ.എസ്.എസ്. പോലെ ഒരു ചാരിറ്റബിൾ സൊസൈറ്റി മാത്രമാണ്. എൻ.എസ്.എസ്. പ്രസിഡന്റായ നാരായണപ്പണിക്കരെ വിമർശിച്ചാൽ ഉണ്ടാകുന്ന ദോഷം മാത്രമേ ടി.എസ്.ഏബ്രഹാമിനെ വിമർശിച്ചാൽ ഉണ്ടാകൂ.

# അറിയാനുള്ള അവകാശത്തിന് നിയമത്തിന്റെ പിൻബലം

ലോകത്തെ ഏറ്റവും വലിയ ജനാധിപത്യ രാഷ്ട്രമാണ് ഇന്ത്യ. ജനങ്ങൾക്കുവേണ്ടി ജനങ്ങളാൽ നടത്തപ്പെടുന്ന ജനങ്ങളുടെ ഭരണമാണ് ജനാധിപത്യം. പക്ഷേ ഭരണത്തേക്കുറിച്ച് വളരെ കുറച്ചു കാര്യങ്ങളേ ജനങ്ങൾ അറിയാറുള്ളൂ. സർക്കാർ ഓഫീസിലെ പ്യൂൺ മുതൽ മുകളിലോട്ടുള്ള എല്ലാ ഉദ്യോഗസ്ഥരുടേയും മുൻപിൽ തൊഴുകൈകളുമായി നിന്നാലും തിരുവായ് തുറന്നില്ലെന്നും വരാം. പക്ഷേ, ഇനി അതൊക്കെ പഴങ്കഥ മാത്രം.

പൗരാവകാശത്തിന്റെ നാഴികക്കല്ലാണ് 2005 ഒക്ടോബർ 12. കാരണം, അന്നാണ് അറിയാനുള്ള അവകാശത്തിന് നിയമ പരിരക്ഷ ലഭിച്ചത്. ഇനി ഏതു പൗരനും നിശ്ചിത ഫീസ് അടച്ച് നിശ്ചിത തീയതിക്കകം വിവരങ്ങൾ അറിയാനുള്ള അവകാശമുണ്ട്. ഈ നിയമത്തിന്റെ രത്നച്ചുരുക്കം ഇതാണ്: (ബന്ധപ്പെട്ട സെക്ഷനുകൾ ബ്രാക്കറ്റിൽ)

1. ഈ നിയമം ജമ്മു കാശ്മീർ ഒഴികെയുള്ള ഇന്ത്യ മുഴുവൻ ബാധകമാണ്. [S.(12)]
2. വിവരം എന്നതിൽ റിക്കാഡുകൾ, രേഖകൾ, മെമ്മോകൾ, ഈ മെയിലുകൾ, അഭിപ്രായങ്ങൾ, ഉപദേശങ്ങൾ, പ്രസ്സ് റിലീസുകൾ, സർക്കുലറുകൾ, ഓർഡറുകൾ, പേപ്പറുകൾ, സാമ്പിളുകൾ തുടങ്ങിയവയെല്ലാം ഉൾപ്പെടുന്നു. [S.2(f)]
3. അറിയാനുള്ള അവകാശത്തിൽ രേഖകളും മറ്റും പരിശോധിക്കുക, നോട്ടുകുറിക്കുക, രേഖകളുടെ സർട്ടിഫൈഡ് കോപ്പികൾ എടുക്കുക തുടങ്ങിയതെല്ലാം ഉൾപ്പെടുത്തിയിരിക്കുന്നു. [S.2(j)]
4. സർക്കാർ - അർദ്ധ സർക്കാർ സ്ഥാപനങ്ങളും സർക്കാരിൽ നിന്ന് ഗ്രാന്റോ മറ്റ് സഹായങ്ങളോ സ്വീകരിക്കുന്ന ഇതര സ്ഥാപനങ്ങളും വിവരങ്ങൾ നൽകാൻ ബാദ്ധ്യസ്ഥരാണ്. [S.2(h)]
5. Public Information Officers (PIO) എന്ന പേരിൽ അറിയപ്പെടുന്ന ഉദ്യോഗസ്ഥനാണ് പൊതുജനങ്ങൾക്ക് വിവരം നൽകേണ്ടത്.
6. ആവശ്യപ്പെടുന്ന വിവരങ്ങൾ പേക്ഷ കിട്ടി 30 ദിവസത്തിനകം നൽകേണ്ടതാണ്. (S.8 or S.9. )എന്നാൽ ജീവനുപോലും ഭീഷണിയാകുന്നത്ര ഗൗരവമുള്ള വിഷയങ്ങളാണെങ്കിൽ അപേക്ഷ ലഭിച്ച് 48 മണിക്കൂറിനുള്ളിൽ വിവരം നൽകണം. നിശ്ചിത സമയത്തിനുള്ളിൽ വിവരം നൽകിയില്ലെങ്കിൽ അത് ഗൗരവമുള്ള കൃത്യവിലോപമായി പരിഗണിക്കുകയും അതിന് ഉത്തരവാദിയായ ഉദ്യോഗസ്ഥനെതിരെ നടപടി എടുക്കുകയും ചെയ്യും. വിവരം ലഭിക്കാനുള്ള അപേക്ഷ ഏതെങ്കിലും കാരണവശാൽ നിരസിക്കപ്പെട്ടാൽ അതിനുള്ള കാരണം വിശദമായി എഴുതി നൽകണം. അപ്പീൽ നൽകേണ്ടതാർക്കെന്നും അറിയിക്കണം. അസിസ്റ്റന്റ് പബ്ലിക്ക് ഇൻഫൊർമേഷൻ ഓഫീസർക്കാണ് അപേക്ഷ നൽകിയതെങ്കിൽ അഞ്ചു ദിവസത്തെ കാലതാമസം അനുവദനീയമാണ്. മൂന്നാമതൊരു കക്ഷിയുമായി ബന്ധപ്പെട്ടതാണ് വിഷയമെങ്കിൽ പത്തു ദിവസത്തെ കാലതാമസംകൂടി ആകാം.
7. രാജ്യത്തിന്റെ സുരക്ഷിതത്ത്വത്തിന് ഭീഷണിയാകുന്ന വിവരങ്ങൾ, ശാസ്ത്രീയ രഹസ്യങ്ങൾ തുടങ്ങിയവ ഈ നിയമത്തിന്റെ പരിധിയിൽ വരുന്നില്ല. ഏതെങ്കിലും വിവരത്തിന്റെ ഭാഗമായി ഇത്തരം കാര്യങ്ങൾ വരുന്നെങ്കിൽ ഇവ ഒഴികെയുള്ള കാര്യങ്ങൾ വെളിപ്പെടുത്താം. [S.8)]
8. താഴെ പറയുന്ന ഏജൻസികളുമായി ബന്ധപ്പെട്ട വിവരങ്ങൾ ഈ നിയമപ്രകാരം ലഭിക്കുന്നതല്ല. [S.24)] Central Intelligence and Security agencies specified in the Second Schedule like IB, R&AW, Directorate of Revenue Intelligence, Central Economic Intelligence Bureau, Directorate of Enforcement, Narcotics Control Bureau, Aviation Research Centre, Special Frontier Force, BSF, CRPF, ITBP, CISF, NSG, Assam Rifles, Special Service Bureau, Special Branch (CID), Andaman and Nicobar, The Crime Branch-CID-CB, Dadra and Nagar Haveli and Special Branch, Lakshadweep Police. സംസ്ഥാന സർക്കാരുകൾക്കു കീഴിലുള്ള രഹസ്യസ്വഭാവമുള്ള വകുപ്പുകളെ ഈ പട്ടികയിൽ ഉൾപ്പെടുത്താൻ അതാത് സംസ്ഥാന സർക്കാരുകൾക്ക് അധികാരമുണ്ട്.
9. വിവരം ലഭിക്കാൻ ആഗ്രഹിക്കുന്ന വ്യക്തി നിശ്ചിത ഫീസ് സഹിതം PIOക്ക് അപേക്ഷ കൊടുക്കണം. ദാരിദ്ര്യ രേഖക്ക് താഴെയുള്ളവർ ഫീസ് നൽകേണ്ടതില്ല. എന്തിനാണ് വിവരം ചോദിക്കുന്നതെന്ന് വെളിപ്പെടുത്തേണ്ട ആവശ്യമില്ല.
10. കേന്ദ്ര ഇൻഫോർമേഷൻ കമ്മീഷനെ കേന്ദ്ര സർക്കാർ നിയമിക്കും. ഒരു ചീഫ് കമ്മീഷണറും പത്തിൽ കൂടാത്ത കമ്മീഷണർമാരും ഉണ്ടാകും. ഡൽഹിയിലായിരിക്കും ഓഫീസ്. പ്രധാനമന്ത്രിയും പ്രതിപക്ഷ നേതാവും ഒരു ക്യാബിനറ്റ് മന്ത്രിയും അടങ്ങുന്ന കമ്മറ്റിയാണ് ഈ നിയമനങ്ങൾ നടത്തുന്നത്. ചീഫ് കമ്മീഷണറുടെ സേവന കാലാവധി അഞ്ചു വർഷമോ 65 വയസ്സ് തികയുന്നതു വരെയോ ആയിരിക്കും. ഈ കാലയളവിൽ മുഖ്യ തെരഞ്ഞെടുപ്പ് കമ്മീഷണർക്കു ലഭിക്കുന്ന ശമ്പളം ലഭിക്കും. കാലാവധി കഴിഞ്ഞാൽ വീണ്ടും നിയമിക്കാനാവില്ല. മറ്റു കമ്മീഷണർമാരുടെ ശമ്പളം ഇലക്ഷൻ കമ്മീഷണർമാരുടേതിന് തുല്യമായിരിക്കും. മറ്റു വ്യവസ്ഥകളിൽ മാറ്റമില്ല. (S.12, 13)
11. സംസ്ഥാന ഇൻഫൊർമേഷൻ കമ്മീഷണർമാരെ അതാത് സംസ്ഥാന സർക്കാരുകൾ നിയമിക്കും. മുഖ്യമന്ത്രിയും പ്രതിപക്ഷ നേതാവും ഒരു ക്യാബിനറ്റ് മന്ത്രിയും ചേർന്ന കമ്മറ്റിയായിരിക്കും നിയമനം നടത്തുക.



**Wajahat Habibullah**
**(The first CIC of India)**

ഈ നിയമം കേരളത്തിലും നിലവിൽ വന്നു കഴിഞ്ഞു. പക്ഷേ, സംസ്ഥാന ചീഫ് ഇലക്ഷൻ ഓഫീസർ ഉൾപ്പെടെ ആരേയും നിയമിച്ചിട്ടില്ല. പൊതുജനങ്ങൾക്ക് ഈ നിയമത്തേക്കുറിച്ച് കാര്യമായ വിവരമൊന്നും ലഭിച്ചിട്ടുമില്ല. ഈ ബാലാരിഷ്ടതകളൊക്കെ ഏറെ താമസിയാതെ മാറുമെന്നും നിയമത്തിന്റെ പ്രയോജനം ജനങ്ങൾക്ക് ലഭിക്കുമെന്നും കരുതാം.

**The Central Information Commission/State Information Commission has a duty to receive complaints from any person**

a) who has not been able to submit an information request because a PIO has not been appointed
b) who has been refused information that was requested;
c) who has received no response to his/her information request within the specified time limits ;
d) who thinks the fees charged are unreasonable ;
e) who thinks information given is incomplete or false or misleading ;and
f) any other matter relating to obtaining information under this law.

**Power to order inquiry if there are reasonable grounds.**
CIC/SCIC will have powers of Civil Court such as -

a) summoning and enforcing attendance of persons, compelling them to give oral or written evidence on oath and to produce documents or things;
b) requiring the discovery and inspection of documents;
c) receiving evidence on affidavit ;
d) requisitioning public records or copies from any court or office
e) issuing summons for examination of witnesses or documents
f) any other matter which may be prescribed.

All records covered by this law (including those covered by exemptions) must be given to CIC/SCIC during inquiry for examination.

**Power to secure compliance of its decisions from the Public Authority includes-**

a) providing access to information in a particular form;
b) directing the public authority to appoint a PIO/APIO where none exists;
c) publishing information or categories of information;
d) making necessary changes to the practices relating to management, maintenance and destruction of records ;
e) enhancing training provision for officials on RTI;
f) seeking an annual report from the public authority on compliance with this law;
g) require it to compensate for any loss or other detriment suffered by the applicant ;
h) impose penalties under this law; or
i) reject the application. (S.18 and S.19)




## നിങ്ങൾക്കും ഒരു വെബ്സൈറ്റ്

നിങ്ങൾക്കോ നിങ്ങളുടെ സ്ഥാപന ത്തിനോ വളരെ കുറഞ്ഞ ചെലവിൽ ഒരു വെബ്സൈറ്റ് ഉണ്ടാക്കാം. നിങ്ങളെ സംബന്ധി ക്കുന്ന എല്ലാ വിവരങ്ങളും ഫോട്ടോ സഹിതം വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കാം. ലോകത്തിൽ എവിടെ താമസിക്കുന്നവർക്കുവേണ്ടിയും വെബ്സൈറ്റ് ഉണ്ടാക്കുന്നു.

www.yourname.com എന്ന വിലാസം
you@yourname.com എന്ന ഈമെയിൽ
ഒരു ഹോം പേജ്
ആകെ ചെലവ്: 1500 രൂപ മാത്രം
ഓരോ അധിക പേജിനും 400 രൂപ
ഫോൺ: 0484-3950734
മൊബൈൽ: 94474 14608

# കെ.സി.ജോണിന്റെ പങ്കെന്ത്?

കെ.പി.കുര്യനെ പുറത്താക്കിയതിൽ കെ.സി.ജോണിന്റെ പങ്കെന്ത്? ഒരു പങ്കും ഇല്ല എന്ന് കെ.സി.ജോൺ പറഞ്ഞേക്കാം. പക്ഷേ, അത് വെറുതെയങ്ങ് വിശ്വസിക്കാൻ ബുദ്ധിമുട്ടുണ്ട്. കാരണം പറയാം.

കെ.പി.കുര്യനെ പുറത്താക്കുന്ന കത്ത് ടി.എസ്.ഏബ്രഹാം കുര്യന് നൽകിയത് ഒക്ടോബർ 11ന് രാവിലെയാണ്. ഈ സംഭവം നടക്കുമ്പോൾ കെ.സി.ജോൺ ഹെബ്രോൺ ബംഗ്ലാവിൽ ഉണ്ടായിരുന്നു. ഒക്ടോബർ 11ന് കെ.സി.ജോൺ ബ്രേക്ക് ഫാസ്റ്റ് കഴിച്ചത് ടി.എസ്.ഏബ്രഹാമിനൊപ്പമാണ്. കെ.സി.ജോണിന് ഈ സംഭവത്തിൽ എന്തോ പങ്കുണ്ടെന്ന് ഇതിൽ നിന്നും വ്യക്തമല്ലേ.

കുര്യനെ എങ്ങനെയെങ്കിലും ഒഴിവാക്കിക്കിട്ടാൻ കെ.സി.ജോണിന് ആഗ്രഹമുണ്ടായിരുന്നു. പക്ഷേ, മിൽമാക്കാരിയുമായുള്ളതടക്കം കെ.സി.ജോണിന്റെ നിരവധി വ്യഭിചാരക്കഥകൾ കെ.പി.കുര്യന് അറിയാം. വെറും അറിവല്ല, തെളിവു സഹിതമുള്ള അറിവാണത്. കെ.പി. കുര്യൻ കോപിച്ചാൽ ഇതൊക്കെ അങ്ങാടിപ്പാട്ടാകും. ഈ കഥകളൊക്കെ ഡിഫെൻഡർ പലവട്ടം പറഞ്ഞിട്ടുള്ളതാണെങ്കിലും ഡിഫെൻഡർ പറയുന്നത് കള്ളമാണെന്നു പറഞ്ഞ് തടി തപ്പുകയാണ് നാളിതുവരെ ചെയ്തുവന്നത്. എന്നാൽ കുര്യൻ സത്യം തുറന്നു പറഞ്ഞാൽ കെ.സി. ജോണിന്റെ പൂച്ച് പുറത്താകും. അതുകൊണ്ട് കുര്യനെ ഒരുവിധത്തിലും പിണക്കാതെ കഴിഞ്ഞുകൂടുകയായിരുന്നു കെ.സി.ജോൺ. എന്നാൽ ടി.എസ്.ഏബ്രഹാം കുര്യനെ പുറത്താക്കിയാൽ പഴി ടി.എസ്.ഏബ്രഹാമിന് ഇരിക്കും. കെ.സി.ജോൺ രക്ഷപ്പെടുകയും ചെയ്യും. ഇതിനുള്ള അടവാണ് കെ.സി.ജോൺ ഒക്ടോബർ 7ന് പയറ്റിയത്.

# നാണമില്ലേ മത്തായീ?

നാണവും ആലും തമ്മിലുള്ള ബന്ധം മലയാളികൾക്ക് നന്നായറിയാം. അതുകൊണ്ട് പറയട്ടെ, ചർച്ച് ഓഫ് ഗോഡിന്റെ ഓവർസിയറായി ബോംബെയിൽ വിലസുന്ന മത്തായിക്ക് തണൽ നൽകുന്ന ഏത് ആലും സ്വീകാര്യം. മൊബൈൽ ആലിന്റെ തണലിലിരുന്ന് സഭ ഭരിക്കാൻ എന്തു രസം.

സ്വന്തം ഭാര്യ ദുർന്നടപ്പുകാരിയാണെന്നറിഞ്ഞാൽ ഏതു ഭർത്താവും തകർന്നുപോകും. പക്ഷേ, മത്തായി ഇത് ഒരു തണലായി സ്വീകരിച്ചു. വലിയ ബുദ്ധിമുട്ടൊന്നും കൂടാതെ ഈ വകയിൽ ഒരു മകനെ ലഭിച്ചപ്പോഴുണ്ടായ സന്തോഷം പറഞ്ഞറിയിക്കാനും വയ്യ. എന്റെ മകൻ എന്റെ മകൻ എന്ന് നാഴികയ്ക്ക് നാല്പതു വട്ടം പറഞ്ഞ് നടക്കാൻ മത്തായിക്ക് അല്പംപോലും ഉളുപ്പ് തോന്നിയുമില്ല.

മെഫിബോശേത്ത് എന്ന വിരുതനെ മദ്ധ്യതിരുവിതാംകൂറിലുള്ള പലർക്കും അത്ര പെട്ടെന്ന് മറക്കാൻ പറ്റില്ല. ജീവിക്കാൻ മറ്റൊരു വഴിയും കാണാതായപ്പോൾ ഉപദേശിവേഷം കെട്ടിയതാണ് ഈ ചങ്ങാതി. ഒരു കാലിന് അല്പം നീളക്കുറവുള്ളത് (അല്ലെങ്കിൽ മറ്റെ കാലിന് അല്പം നീളക്കൂടുതലുള്ളത്) ഇയാൾക്ക് അനുഗ്രഹമായി. ഈ വകയിൽ ലഭിച്ച സഹതാപം മുതലെടുത്താണ് കക്ഷി വ്യഭിചാര വ്യവസായം തകൃതിയായി നടത്തിയത്. ഉപദേശിക്ക് കാലിനല്ലാതെ മറ്റൊരു അവയവത്തിനും കുഴപ്പമില്ല എന്ന് മത്തായി ഉൾപ്പെടെയുള്ള നിരവധി ഭർത്താക്കൻമാർ മനസ്സിലാക്കാതെപോയി. അതിന്റെ ഫലം മദ്ധ്യ തിരുവിതാംകൂറിലുള്ള പല ഭവനങ്ങളിലും ഉണ്ടാകുകയും ചെയ്തു. മത്തായിയുടെ വീട്ടിലും അതുതന്നെ നടന്നു.

ജാത്യാലുള്ളത് തൂത്താൽ മാറില്ല എന്നാണല്ലോ ചൊല്ല്. മത്തായിയുടെ അരുമ സന്തതിയെ സംബന്ധിച്ചും അതുതന്നെ നടന്നു. പിഴച്ചു പിറന്നവൻ ചെന്നിടത്തെല്ലാം പിഴച്ചു, അല്ലെങ്കിൽ പലരേയും പിഴപ്പിച്ചു. അത്തരമൊരു സംഭവം പൂനയിലും ഉണ്ടായി. (വിശദ വിവരം പിന്നീട്).

തന്റെ മകൻ തെറ്റു ചെയ്തു എന്ന് രണ്ടു കൈകളും ഉയർത്തി മത്തായി സമ്മതിച്ചതാണ്. പക്ഷേ, മത്തായിയുടെ ഭാര്യയുടെ മകനാകയാൽ ഇവനെതിരെ ഒരു നടപടിയും ഉണ്ടായില്ല. (അതാണല്ലോ പെന്തക്കോസ്തിലെ പതിവു രീതി). പക്ഷേ, മത്തായിക്ക് മനസ്സറിവില്ലെങ്കിലും മത്തായിയുടേത് എന്നു പറയപ്പെടുന്ന ഈ പുത്രന്റെ ദുർന്നടപടികളെ എതിർത്തവരെ മത്തായിയും ശിങ്കിടികളും ചേർന്ന് സഭയിൽ നിന്നും പുറത്താക്കി.

# ടെലിഫോണിലൂടെ ഫോൺ ബില്ലടയ്ക്കാം

നിങ്ങളുടെ ടെലിഫോണിലൂടെത്തന്നെ ബില്ലുകൾ അടയ്ക്കുന്നതിനുള്ള അതിനൂതനമായ സംവിധാനം ഇന്ത്യയിലാദ്യമായി ഫെഡറൽ ബാങ്ക് അവതരിപ്പിക്കുന്നു. അതാണ് ഫെഡ് ഇ-പേ.

ഇനി പോസ്റ്റുമാൻ ബില്ല് കൊണ്ടു വരുന്നതും കാത്തു നിൽക്കേണ്ട, ബില്ല് അടയ്ക്കുന്നതിനു വേണ്ടി മണിക്കൂറുകളോളം ക്യൂവിലും നിൽക്കേണ്ട.

ബില്ല് അടക്കുന്നതിനായി ആകെ നിങ്ങൾക്ക് വേണ്ടത് ഫെഡറൽബാങ്കിൽ ഒരു അക്കൗണ്ടു മാത്രം.

ബിൽ അടക്കേണ്ട അവസാന ദിവസം രാത്രി 12മണിവരെ നിങ്ങൾക്ക് ബില്ലുകൾ അടക്കാം.

നിങ്ങളുടെ നിർദേശാനുസരണം ബില്ലുകൾ ഓട്ടോമാറ്റിക്കായി അടയ്ക്കാനുള്ള ഓട്ടോ പേ സംവിധാനം നിങ്ങളുടെ സൗകര്യാർത്ഥം ലഭ്യമാക്കിയിട്ടുണ്ട്.

ഓട്ടോ പേ യിൽ രജിസ്റ്റർ ചെയ്യുന്നവരുടെ ബില്ലുകൾ എല്ലാമാസവും കൃത്യമായി നിങ്ങളുടെ ഇടപെടൽ ഇല്ലാതെ തന്നെ ഫെഡ് ഇ-പേ സിസ്റ്റത്തിലൂടെ ഓട്ടോമാറ്റിക്കായി അടയ്ക്കുന്നതാണ്.

ടെലിഫോൺ ബില്ല് ലഭിക്കുന്നതിന്റെയും പണം അടക്കുന്നതിന്റെയും ബുദ്ധിമുട്ടുകളിൽ നിന്ന് നിങ്ങൾ ക്ക് മോചനമാണ് ഓട്ടോ പേ സംവിധാനം പ്രദാനം ചെയ്യുന്നത്.

ഫെഡ് ഇ-പേയിൽ രജിസ്റ്റർ ചെയ്യുന്നവർക്കും ബി.എസ് എൻ.എൽ/സെൽവൺ ബില്ലുകൾ തപാലിൽ ലഭിക്കുന്നതായിരിക്കും.

ഓട്ടോ പേ സംവിധാനം ഉപയോഗിക്കുന്നവർക്ക് ഓട്ടോമാറ്റിക്കായി അടയ്ക്കുന്നതിനുള്ള തുകയുടെ പരിധി ഇഷ്ടാനുസരണം നിശ്ചയിക്കാവുന്നതാണ്.

രജിസ്റ്റർ ചെയ്യുന്നവർക്ക് എല്ലാ നിർദേശങ്ങളുമടങ്ങിയ ടെലിഫോൺ ഇൻഡെക്സ് ബുക്ക് ബാങ്കിൽ നിന്നും സൗജന്യമായി വാങ്ങാവുന്നതാണ്.

കൂടുതൽ വിവരങ്ങൾക്ക് ഫെഡറൽ ബാങ്കിന്റെ ടോൾ ഫ്രീ നമ്പറിൽ ബന്ധപ്പെടുക - 1600 425 1199. അല്ലെങ്കിൽ തൊട്ടടുത്ത ഫെഡറൽ ബാങ്ക് ശാഖയെ സമീപിക്കുക.

അക്കൗണ്ട് തുടങ്ങുന്നതിനും ഫെഡ് ഇ-പേ യ്ക്ക് രജിസ്റ്റർ ചെയ്യുന്നതിനും ആവിശ്യമായ രേഖകൾ:

ഒരു പാസ്പോർട്ട് സൈസ് ഫോട്ടോ, തിരിച്ചറിയൽ രേഖകളുടെ കോപ്പി (പാസ്പോർട്ട്, ഡ്രൈവിങ് ലൈസൻസ്, തിരിച്ചറിയൽ കാർഡ്, റേഷൻകാർഡ്.......) ഏറ്റവും പുതിയ ടെലിഫോൺ ബില്ലിന്റെ കോപ്പി, കുടുംബശ്രീ (സി.ഡി.എസ്) അധികാരപ്പെടുത്തിയ അയൽക്കൂട്ട അംഗങ്ങൾ മുഖേനയും ഈ സൗകര്യങ്ങൾ ബാങ്കിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്.

# സിമണിക്കാരന് മിണ്ടാട്ടമില്ല

സിമണിക്കാരന് മിണ്ടാട്ടമില്ല. വയനാട് റീജിയൻ ഉണ്ടാക്കണമെന്നും തന്നെ അതിന്റെ പ്രസിഡന്റാക്കണമെന്നും ആവശ്യപ്പെട്ട് പ്രചരിച്ച കത്ത് ഡിഫെൻഡറിൽ വന്നയുടൻ നിഷേധക്കുറിപ്പിറക്കിയ ഈ വിദ്വാൻ ഇപ്പോൾ എന്തേ മിണ്ടുന്നില്ല?

സൗദിയിലെ കിരീടം വെയ്ക്കാത്ത രാജാവായിരുന്നു മോനി ചെന്നിത്തല. ഇയാളെ നമസ്ക്കരിക്കാതെ ഒരു പെന്തക്കോസ്ത് പാസ്റ്റർക്കും സൗദിയിൽ രക്ഷപ്പെടുവാൻ പറ്റില്ലായിരുന്നു. സന്ദർശനത്തിന് എത്തുന്ന പാസ്റ്റർമാർ ഇയാളുടെ പ്രീതി സമ്പാദിക്കണം. ഇയാൾ പിൻതുണച്ചാൽ മാത്രമേ പ്രോഗ്രാം കിട്ടൂ. ഇയാളുടെ കാലു പിടിക്കാൻ തയ്യാറാകാത്തവർ വണ്ടിക്കൂലി പോലും കിട്ടാതെ അലയേണ്ടതായി വരികയും ചെയ്തു.

ഐ.പി.സി. നേതാക്കൻമാർക്ക് കൈക്കൂലി കൊടുത്ത് ഇയാൾ സൗദിയിലെ ഐ.പി.സി. റീജിയന്റെ തലവനായതോടെ അഹങ്കാരം പല മടങ്ങായി വർദ്ധിച്ചു. സൗദിയിലുള്ള എല്ലാ ഐ.പി.സിക്കാരുടേയും മുഴങ്കാൽ ഇയാളുടെ മുൻപിൽ മടങ്ങാൻ തുടങ്ങി. നേരഭേദം നോക്കാതെ ഈ ശുംഭൻ കുടപിടിക്കാൻ ആരംഭിച്ചു. ഒടുവിൽ ഇത് സഹിക്കാവുന്നതിലും അധികമായി. ചിലർ കുമ്പനാട്ടെത്തി കാണേണ്ടവരെ കാണേണ്ടതുപോലെ കണ്ടു. അങ്ങനെയാണ് സൗദിയിൽ കൂടുതൽ റീജിയനുകൾ ഉണ്ടായത്.

തന്റെ ഏകാധിപത്യം തകർന്നതോടെ മോനി ചെന്നിത്തല തളർന്നു. അതിനിടയിലാണ് ജോലി നഷ്ടമായത്. അതിന്റെ പിന്നിലും ചില ഐ.പി.സിക്കാരുടെ കരങ്ങളുണ്ട് എന്ന് പറയപ്പെടുന്നു. ഏതായാലും മോനി ചെന്നിത്തല സൗദിയിൽ നിന്ന് കൂടും കുടുക്കയുമായി കേരളത്തിലെത്തി.

സൗദിയിൽ ആയിരിക്കുമ്പോൾ തന്നെ മോനി ചെന്നിത്തല സ്വന്തം സംഘടന ഉണ്ടാക്കിയിരുന്നു. ആ സംഘടനയുടെ വേലക്കാരായി ചിലരെ നിയമിക്കുകയും വയനാട്ടിൽ വേല പൊടിപൊടിക്കുകയും ചെയ്തു. ആ പ്രവർത്തനങ്ങൾ ഐ.പി.സിയുടേതാണോ? അല്ലേ അല്ല. എന്നാൽ അല്ലേ എന്നു ചോദിച്ചാൽ അതെ. വൽസൻ പഞ്ചാബിൽ നടത്തുന്ന വേല പോലൊരു വേലയാണിത്.

നാട്ടിൽ എത്തിയതോടെ വയനാടിനെ രക്ഷിച്ചേ അടങ്ങൂ എന്ന വാശിയിലായി മോനി ചെന്നിത്തല. വയനാട് കേന്ദ്രമാക്കി ഒരു റീജിയൻ ഇല്ലാതെ വയനാടിനെ എങ്ങനെ രക്ഷിക്കും? അതുകൊണ്ടാണ് മോനി വയനാടിന് റീജിയൻ ആവശ്യപ്പെട്ടത്. അത് ഡിഫെൻഡർ അറിയുമെന്നും ഇത്ര പുലിവാലാകുമെന്നും മോനി സ്വപ്നം പോലും കണ്ടിരുന്നില്ല.

OWN A WEBSITE FOR Rs. 1500/-
No Hidden Costs
Call: 94474 14608

## ട്രസ്റ്റുകളും സൊസൈറ്റികളും ഉണ്ടാക്കുന്നതെങ്ങനെ?

അനാഥശാലകൾ, വൃദ്ധസദനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആരാധനാലയങ്ങൾ, മതസ്ഥാപനങ്ങൾ തുടങ്ങിയവ സ്ഥാപിക്കുവാനും നടത്തുവാനും ആഗ്രഹമുള്ളവർ നിരവധിയാണ്. പക്ഷേ, അതിനാവശ്യമായ ചാരിറ്റബിൾ സൊസൈറ്റികളും ട്രസ്റ്റുകളും എങ്ങനെയാണ് രജിസ്റ്റർ ചെയ്യേണ്ടതെന്ന് മിക്കവർക്കും അറിഞ്ഞുകൂടാ.

ഈ രംഗത്ത് ഡിഫെൻഡർ നിങ്ങളെ സഹായിക്കാം.

ഞങ്ങൾ നൽകുന്ന സേവനങ്ങൾ:

ചാരിറ്റബിൾ സൊസൈറ്റികളും ട്രസ്റ്റുകളും സ്ഥാപിക്കാൻ ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു.

സ്ഥാപനം രജിസ്റ്റർ ചെയ്യാൻ വേണ്ട നിയമാവലിയും മറ്റും ഉണ്ടാക്കുന്നു.

ആദായ നികുതി ഇളവുകളും മറ്റും ലഭിക്കാൻ ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു.

കൂടുതൽ വിവരങ്ങൾക്ക്
ഡിഫെൻഡർ ഓഫീസുമായി ബന്ധപ്പെടുക.
ഫോൺ: 0484-3950734, 9447414608

# ഹെബ്രോനിൽ സത്യാഗ്രഹം?

ഐ.പി.സിയുടെ ഹെഡ് ഓഫീസ് സ്ഥിതി ചെയ്യുന്ന കുമ്പനാട് ഹെബ്രോൻ പുരത്ത് സത്യാഗ്രഹം നടക്കുമോ? ആ സാദ്ധ്യത തള്ളിക്കളയാനാവാത്ത സ്ഥിതിയാണുള്ളത്. ഒക്ടോബർ 19 മുതൽ ഹെബ്രോൻ പുരത്ത് സത്യാഗ്രഹം ഇരിക്കാനാണ് കെ.പി.കുര്യന്റെ പദ്ധതി. വെറും സത്യാഗ്രഹമല്ല, സാക്ഷാൽ നിരാഹാര സത്യാഗ്രഹമാണ് നടത്താൻ ഉദ്ദേശിക്കുന്നത്. അതും മരണം വരെ.

എന്താണ് ഇപ്പോൾ കെ.പി. കുര്യന് സത്യത്തോട് ഇത്ര ആഗ്രഹം? അത് വിശേഷിച്ച് പറയേണ്ടതില്ല. എങ്കിലും ഒരു സത്യാഗ്രഹമാകുമ്പോൾ അതിന് ചില കാരണങ്ങൾ ഉണ്ടാകും. ചില ആവശ്യങ്ങൾ മുൻനിർത്തിയാകും സമരം. ഈ സത്യാഗ്രഹത്തിനും ചില ആവശ്യങ്ങളൊക്കെയുണ്ട്. അവ ഇതാ:

1. കുമ്പനാട്ട് ടി.എസ്.ഏബ്രഹാം നടത്തുന്ന വനിതാ ബൈബിൾ കോളേജിൽ വ്യഭിചാരം നടക്കുന്നു. അത് നിർത്തണം. (ഇതല്ലേ ഡിഫെൻഡർ അഞ്ചു കൊല്ലമായി പറഞ്ഞുകൊണ്ടിരിക്കുന്നത്?)

2. കുമ്പനാട്ട് എത്തുന്ന വിദേശികൾക്ക് വനിതാ ബൈബിൾ കോളേജിലെ പെൺകുട്ടികളെ കാഴ്ച വെച്ച് ടി.എസ്.ഏബ്രഹാമും വൽസൺ ഏബ്രഹാമും പണം തട്ടുന്നു. ഇത് നിർത്തണം. (ഇങ്ങനെ നടക്കുന്നുണ്ടോ എന്ന് ഡിഫെൻഡറിന് അറിഞ്ഞുകൂടാ. അഞ്ചു വർഷം ടി.എസ്.ഏബ്രഹാമിന്റെ മന:സാക്ഷി സൂക്ഷിപ്പുകാരനായിരുന്നതിനാൽ കെ.പി.കുര്യന് ഇതേപ്പറ്റി കാര്യമായ അറിവുണ്ടാകും.)

3. ഭൂകമ്പത്തിനും സുനാമിക്കും മറ്റും ഐ.പി.സിക്ക് ലഭിച്ച ഫണ്ട് ദുർവ്വിനിയോഗം ചെയ്തവർക്കെതിരെ നടപടി എടുക്കണം. (ഈ പറയുന്നതിൽ അല്പം കഴമ്പുണ്ടെന്ന് ഡിഫെൻഡറും അംഗീകരിക്കുന്നു.)

4. ഐ.പി.സിയുടെ ജനറൽ കൺവെൻഷന് പ്രസംഗിക്കാനെത്തുന്ന സായിപ്പൻമാർ സംഭാവന നൽകുന്ന പണം ടി.എസ്. ഏബ്രഹാമും മകനും തട്ടിയെടുക്കുന്നത് അവസാനിപ്പിക്കണം. (ഈ ആവശ്യവും ന്യായം തന്നെ. കഴിഞ്ഞ കൺവെൻഷൻ സമയത്ത് ഐ.പി.സിക്ക് ലഭിച്ച ഒരുലക്ഷം ഡോളർ നേരം പുലരുന്നതിനു മുൻപ് കെ.ഇ.ഏബ്രഹാം ഫൗണ്ടേഷന്റെ ഫണ്ടിൽ എത്തി. ഹെബ്രോൻ ബൈബിൾ കോളേജിന് ഇംഗ്ലീഷ് മീഡിയം തുടങ്ങാൻ സായിപ്പ് നൽകിയ പണം തട്ടിയ കഥയും കുപ്രസിദ്ധമാണല്ലോ.)

ടി.എസ്.ഏബ്രഹാമിനോടുള്ള വിരോധംകൊണ്ടാണ് കുര്യൻ ഇങ്ങനെയൊക്കെ പറയുന്നതെങ്കിലും ഈ പറയുന്ന കാര്യങ്ങൾ ഗൗരവമുള്ളതാണ്. സത്യാഗ്രഹമല്ല അതിൽ കൂടിയ എന്തെങ്കിലും സമരമുറ ഉണ്ടെങ്കിൽ അതും ഇത്തരം ദുർന്നടപടികൾക്കെതിരെ പ്രയോഗിക്കണം.

കെ.പി.കുര്യനും ഭാര്യയും കൂടി സത്യാഗ്രഹം ഇരിക്കാനാണ് പദ്ധതി. കൂടെ ഇരിക്കാൻ ചെല്ലാമെന്ന് പലരും വാക്കു കൊടുത്തിട്ടുമുണ്ട്. പക്ഷേ, കാര്യത്തോടടുക്കുമ്പോൾ എത്രപേർ ഉണ്ടാകുമെന്ന് കണ്ടറിയണം.

ടി.എസ്.ഏബ്രഹാം സത്യാഗ്രഹത്തെ എങ്ങനെ നേരിടുമെന്ന് പറയാറായിട്ടില്ല. സ്വന്തമായി ഒരു തീരുമാനവും എടുക്കാൻ കഴിവില്ലാത്തവനാണ് ടി.എസ്.ഏബ്രഹാം. കൂടെ നിൽക്കുന്നവർ കൊട്ടുന്ന താളത്തിനൊപ്പിച്ച് തുള്ളാനല്ലാതെ മറ്റൊന്നും ചെയ്യാൻ കഴിവോ പ്രാപ്തിയോ ഇല്ല. അടുത്ത കാലം വരെ കെ.പി.കുര്യൻ പറയുന്നതനുസരിച്ചായിരുന്നു ടി.എസ്.ഏബ്രഹാമിന്റെ പ്രവർത്തനങ്ങൾ. ന്യായവും നീതിയും ഒന്നും നോക്കിയുമില്ല. ഇപ്പോൾ കുര്യനെതിരായിട്ടാണ് യുദ്ധം. പിന്നിലുള്ളത് കുര്യന്റെ ശത്രുക്കളും. അവർ പറയുന്നതനുസരിച്ച് ടി.എസ്. ഏബ്രഹാം പ്രവർത്തിക്കും. പോലീസിനെ ഉപയോഗിച്ച് കുര്യനെ നേരിടാൻ ശ്രമിച്ചേക്കാം. ഗുണ്ടകളെ ഉപയോഗിച്ചെന്നും വരാം. കുര്യനുമായി ഒത്തുതീർപ്പുണ്ടാക്കാനുള്ള സാദ്ധ്യതയും തള്ളിക്കളയാനാവില്ല.

സത്യാഗ്രഹം ഇരിക്കുമെന്ന് വീമ്പിളക്കിയിട്ട് കുര്യൻ അവസാന നിമിഷം പിൻമാറുമോ? അതും സംഭവിക്കാവുന്നതാണ്. ഏതായാലും ഈ പ്രശ്നം ഉടനെയൊന്നും തീരുന്ന മട്ടില്ല.

# ശാരോന്റെ അനാഥശാലയിൽ സ്ഥിതി ഗുരുതരം



ശാരോന്റേത് എന്ന പേരിൽ മലബാറിലുള്ള അനാഥശാലയിൽ അതീവ ഗുരുതരമായ സ്ഥിതി വിശേഷമാണുള്ളത് എന്ന് അറിയുന്നു. ജീവൻ നിലനിർത്താനുള്ള ഭക്ഷണം പോലും ലഭിക്കാതെ കുട്ടികൾ വലയുകയാണ്. ഇതിനെതിരെ കഴിഞ്ഞ ദിവസം കുട്ടികൾ പ്രതികരിക്കുകയും നാട്ടുകാരുടെ സഹായത്തോടെ സമരം സംഘടിപ്പിക്കുകയും ചെയ്തു. വളരെ ബുദ്ധിമുട്ടിയാണ് കുഞ്ഞൂട്ടിയും കൂട്ടരും പ്രശ്നം പരിഹരിച്ചത്.

അനാഥശാല നല്ല നിലയിൽ നടത്തിക്കൊണ്ടു പോകാനുള്ള വരുമാനം അവിടെനിന്നുതന്നെ ലഭിക്കും. അറുപതേക്കറിലധികം വിസ്തൃതിയുള്ള കശുമാവിൻ തോട്ടം അനാഥശാലയ്ക്ക് സ്വന്തമായുണ്ട്. പക്ഷേ, കുഞ്ഞൂട്ടി എന്ന നീചൻ ഈ വരുമാനമത്രയും സ്വന്തം പോക്കറ്റിലാക്കുകയാണ് ചെയ്യുന്നത്. ചോദിക്കാനും പറയാനും ആരുമില്ല.

ശാരോന്റെ വകയാണ് ഈ സ്ഥാപനം എന്നു പറയാറുണ്ടെങ്കിലും ശാരോന്റെ കണക്കിൽ അനാഥശാലയുടെ വരവോ ചെലവോ വരാറില്ല. അങ്ങനെയൊരു സ്ഥാപനം അവിടെയുണ്ടെന്നു പോലും ശാരോന്റെ ഓഡിറ്റ് റിപ്പോർട്ടിൽ പറയാറുമില്ല. എന്തോ വളഞ്ഞ വഴി ഉപയോഗിച്ച് വർഷങ്ങൾക്കു മുൻപുതന്നെ കുഞ്ഞൂട്ടി ഈ സ്ഥാപനം കൈക്കലാക്കി. ടി.ജി.കോശിയും ടി.പി.ഏബ്രഹാമും സഭയുടെ സ്വത്തുക്കൾ കൊള്ളയടിക്കുന്നതിന് കുഞ്ഞുട്ടി തടസ്സം നിൽക്കാത്തതുകൊണ്ട് കുഞ്ഞൂട്ടിയുടെ കൊള്ളയ്ക്ക് ടി.ജി.കോശിയും ടി.പി.ഏബ്രഹാമും തടസ്സം നിൽക്കുന്നില്ല. അങ്ങനെയാണ് ശാരോന്റെ അനാഥശാല കുഞ്ഞൂട്ടിയുടെ കൈകളിൽ എത്തിയത്. കുഞ്ഞൂട്ടി സ്ഥാപനം നന്നായി നടത്തിയിരുന്നെങ്കിൽ പ്രശ്നമില്ലായിരുന്നു. പക്ഷേ, കുട്ടികളെ പട്ടിണിക്കിട്ട് കുഞ്ഞൂട്ടി സ്വന്തം കീശ വീർപ്പിക്കയാണ് ചെയ്യുന്നത്. മാത്രമല്ല, അനാഥശാല മദ്യപാനം, വ്യഭിചാരം തുടങ്ങിയവ നടത്താനുള്ള ഒളിത്താവളമായും കുഞ്ഞൂട്ടി ഉപയോഗിക്കുന്നു. കുറച്ചുകാലം മുൻപ് കുഞ്ഞൂട്ടിക്ക് ഈ അനാഥശാലയിൽ ഒരു വെപ്പാട്ടി ഉണ്ടായിരുന്നു. ഡിഫെൻഡർ അതിനെതിരെ പ്രതികരിച്ചതോടെ അത് നിന്നു. ആ സ്ത്രീക്ക് നഷ്ടപരിഹാരം നൽകി പിരിച്ചുവിട്ടു.

കുഞ്ഞൂട്ടി അനാഥശാലയിൽ എത്തിയാൽ മദ്യക്കുപ്പികളും അനുബന്ധ സാമഗ്രികളുമായി ശിങ്കിടി എത്തും. രാത്രിയായാൽ മദ്യപാനവും വ്യഭിചാരവുമാണ് പരിപാടി. ഇതൊക്കെ കണ്ട് മടുത്താണ് കുട്ടികൾ സമരത്തിനിറങ്ങിയത്. തങ്ങൾക്ക് ഭക്ഷണം പോലും തരാതെ കഷ്ടപ്പെടുത്തുകയും തങ്ങൾക്ക് അവകാശപ്പെട്ട പണം ഉപയോഗിച്ച് വ്യഭിചരിക്കുകയും ചെയ്യുന്നത് സഹിക്കാൻ അവർക്ക് കഴിഞ്ഞില്ല. വസ്തുതകളെല്ലാം നന്നായറിയാവുന്ന നാട്ടുകാർ കുട്ടികളുടെ സഹായത്തിനെത്തി. അതോടെ കുഞ്ഞൂട്ടി കുഴഞ്ഞു. കരിമ്പിൻ കാടനുമൊന്നിച്ച് കുഞ്ഞൂട്ടി മലബാറിലെത്തി. കുട്ടികളുടെ ഡിമാന്റുകൾ അംഗീകരിച്ചു. അങ്ങനെ പ്രശ്നം തത്ക്കാലത്തേക്കെങ്കിലും പരിഹരിച്ചു.

എല്ലാവരേയും കുറെ കാലവും കുറെ ആളുകളെ എല്ലാക്കാലവും കബളിപ്പിക്കാമെങ്കിലും എല്ലാവരേയും എല്ലാക്കാലവും വഞ്ചിക്കാനാവില്ല. അതുകൊണ്ട് അനാഥശാലയിലെ കൊള്ള എന്നെന്നും തുടരാൻ കുഞ്ഞൂട്ടിക്ക് കഴിയുകയില്ല. ആസന്ന ഭാവിയിൽ ഈ സ്ഥാപനം കുഞ്ഞൂട്ടിയുടെ കൈയ്യിൽ നിന്ന് വഴുതിപ്പോകും.






